**സബ്മിഷൻ**

1. ഇടുക്കി പട്ടയഭൂമിയിലെ ഭൂവിനിയോഗ പ്രശ്നങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പട്ടയവ്യവസ്ഥകൾ ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടയാൻ 22-08-2019-ൽ സർക്കാർ ഇറക്കിയ ഉത്തരവ്മൂലം ഗുരുതരമായ പ്രശ്നങ്ങളാണ് ഇടുക്കി ജില്ലയിലുണ്ടായിരിക്കുന്നത്. ഇതുമൂലം പട്ടയഭൂമിയിൽ വീട് ഒഴികെ മറ്റ് യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ കഴിയാത്ത ഗുരുതരമായ പ്രതിസന്ധിയിലാണ്. ഇതുകൂടാതെ ഭൂപതിവ് ചട്ടം ലംഘിച്ചതിന്റെ പേരിലുള്ള പരിശോധനയും നടപടികളും സർക്കാർ സ്വീകരിക്കുന്നത് സ്ഥിതി കൂടുതൽ ഗുരുതരമാക്കുകയാണ്. 17-12-2019-ൽ ചേർന്ന സർവ്വകക്ഷിയോഗത്തിൽ ഭൂപതിവ് ചട്ടം (ലാൻഡ് അസൈൻമെന്റ് റൂൾ) ഭേദഗതി ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പുനൽകിയതാണ്. അതുകൂടാതെ ചട്ട ലംഘനത്തിന്റെ പേരിലുള്ള പരിശോധന നിർത്തിവയ്ക്കുമെന്നും മുഖ്യമന്ത്രി ഇടുക്കി ജില്ല സന്ദർശിച്ച വേളയിൽ 26-09-2022-ന് പ്രഖ്യാപിച്ചതാണ്. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ പത്ത് ദിവസം കഴിഞ്ഞപ്പോൾ ഭൂപതിവ് ചട്ടം ലംഘിച്ചതിന്റെ പേരിലുള്ള

കേസ്സുകളിൽ പരിശോധനയും നടപടിയും കർശനമാക്കണമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഉത്തരവ് വന്നു. ഇവിടെ രണ്ട് പ്രശ്നമുണ്ട്, ഒന്ന് സർക്കാർ ഭൂമി വ്യാജപട്ടയമുണ്ടാക്കി കൈവശപ്പെടുത്തിയവർ നടത്തുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങളെയും നിയമപരമായി പട്ടയം ലഭിച്ച ഭൂമിയിൽ നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളെയും ഒരേ ഗണത്തിൽപ്പെടുത്തി ചെയ്യുന്നുവെന്നതാണ്. കയ്യേറ്റക്കാർ വേറെയാണ്. സർക്കാരിന് അവകാശപ്പെട്ട ഭൂമി കയ്യേറിയ കയ്യേറ്റക്കാരെ കൈകാര്യം ചെയ്യുന്ന അതേരീതിയിൽ പട്ടയഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയവരെ കൈകാര്യം ചെയ്യരുതെന്നാണ് എന്റെ അഭ്യർത്ഥന. മറ്റൊരു വിഷയം കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. പട്ടയനടപടികൾ പാതിവഴിയിൽ നിൽക്കേ, ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന ആറ് ഭൂപതിവ് ഓഫീസ്സുകളിൽ അഞ്ചെണ്ണം മാർച്ച് 31-ാടുകൂടി അടച്ചുപൂട്ടാനുള്ള സർക്കാർ ഉത്തരവുകൂടി പിൻവലിക്കണം. കാരണം, ആ ജില്ലയിൽ ഇനി 43000 അപേക്ഷകർക്ക് പട്ടയം നൽകാനുണ്ട്. അതുപോലെ വ്യാപാര സ്ഥാപനങ്ങൾ ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളായ പത്ത് ചെയിൻ, മൂന്ന് ചെയിൻ മേഖലകളിലും പട്ടയം നൽകാനുണ്ട്. പട്ടയ നടപടികൾ

പൂർത്തിയാകുന്നതുവരെ ഭൂപതിവ് ഓഫീസുകളിലെ പ്രവർത്തനം തുടരാൻ സർക്കാർ അനുവദിക്കണം. രണ്ട് വിഷയങ്ങളാണ് ഞാൻ ഉന്നയിച്ചത്. രണ്ട് കാര്യത്തിലും അനുകൂലമായ നിലപാട് സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വലിയ ഉത്കണ്ഠ ആ ജില്ലയിലുള്ളതുകൊണ്ടാണ് പറഞ്ഞത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, രണ്ട് കാര്യങ്ങളിലും അങ്ങ് ഉയർത്തിയതുപോലുള്ള ആശങ്കകളുണ്ടാകേണ്ടതില്ലെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. എം. എം. മണി കഴിഞ്ഞ വെള്ളിയാഴ്ച ഈ വിഷയം ശ്രദ്ധക്ഷണിക്കലായി സഭയുടെ മുമ്പിൽ അവതരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അന്ന് സഭ നേരത്തെ പിരിഞ്ഞതുകൊണ്ട് വിഷയം അവതരിപ്പിക്കാനായില്ല. അങ്ങും ഇതുമായി ബന്ധപ്പെട്ട പ്രശ്നം ഇപ്പോൾ ഉന്നയിച്ചു. ജില്ലയുടെ ചുമതലക്കാരനായ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും ആ ജില്ലയിലെ അംഗമായ ശ്രീ. വാഴൂർ സോമൻ അടക്കമുള്ള എം.എൽ.എ.-മാരും ഈ പ്രശ്നം വളരെ ഗുരുതരമായി സർക്കാരിന് മുമ്പിൽ അവതരിപ്പിച്ചു. ഒരു മിനിട്ട് സമയംകൊണ്ട് എഴുതി തയ്യാറാക്കിയ മറുപടി വായിച്ചതിനുശേഷം രണ്ട്

കാര്യങ്ങൾ കൂട്ടിച്ചേർക്കാനുണ്ട്. ഇടുക്കി ജില്ലയിലെ പട്ടയ ഭൂമികളിൽ ഗാർഹികേതര കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ചില ഗൗരവമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. പട്ടയം നൽകിയിട്ടുള്ള ഭൂമി പതിച്ചുകൊടുത്ത ആവശ്യത്തിനല്ലാതെ വിനിയോഗിക്കാൻ കഴിയാതെ വരുന്നുയെന്നുള്ളതാണ് പ്രശ്നം. നിലവിൽ ഈ പ്രശ്നം സംസ്ഥാനത്താകമാനം നിലനിൽക്കുന്നുണ്ടെങ്കിലും ഏറ്റവും കൂടുതൽ പട്ടയ ഭൂമിയുള്ള ഇടുക്കി ജില്ലയിലാണ് അത് കൂടുതൽ ബാധിച്ചിട്ടുള്ളത്.

1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കൃഷിക്കും താമസത്തിനും സമീപവസ്തുവിന്റെ ഗുണപരമായ ഉപയോഗത്തിനുമാണ് ഭൂമി പതിച്ചുനൽകാവുന്നത്. അത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. ചട്ടം 8-ലെ ഉപചട്ടം 2 പ്രകാരം പതിച്ചുകിട്ടിയ ഭൂമി പതിച്ചുനൽകിയ ആവശ്യത്തിനായി ഉപയോഗിക്കേണ്ടതുണ്ട്. അപ്രകാരമല്ല ഭൂമി ഉപയോഗിക്കപ്പെട്ടതെങ്കിൽ ഉപചട്ടം 3 പ്രകാരം അത് റദ്ദ് ചെയ്യണമെന്ന് വ്യവസ്ഥയുണ്ട്. ഇപ്രകാരം കൃഷിക്കും ഗാർഹിക ആവശ്യത്തിനും പതിച്ചുകൊടുത്ത ഭൂമിയിൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടത് അങ്ങേയ്ക്ക് അറിയാവുന്നതുപോലെ സർക്കാരല്ല " One earth

One Life" എന്ന സംഘടന WP(C) No. 1801/2010, 34095/2007 എന്നീ കേസ്സുകൾ ഫയൽ ചെയ്തതിനെ തുടർന്ന് 21-01-2010-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിൽനിന്നും NOC വാങ്ങണമെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ഇടുക്കി ജില്ലയിലെ 8 വില്ലേജുകളടങ്ങുന്ന മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാക്കി ഉത്തരവ് ഇറക്കേണ്ടിവന്നു. തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ WP(C) No. 17983/2019 എന്ന കേസ്സിൽ 25-06-2020-ലുണ്ടായ ഉത്തരവിൽ റവന്യൂ വകുപ്പ് നൽകുന്ന കൈവശ സർട്ടിഫിക്കറ്റുകൾ ഭൂമി ഏതാവശ്യത്തിന് പതിച്ചുനൽകിയതെന്ന് വ്യക്തമാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കോടതി ഉത്തരവിറക്കി. ഇതിനെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷൻ (എസ്.എൽ.പി.) സുപ്രീംകോടതി തള്ളി ഉത്തരവാകുകയുണ്ടായി. മേൽപ്പറഞ്ഞ കോടതി വിധികൾമൂലം സംസ്ഥാനത്താകമാനം പ്രത്യേകിച്ച് ഇടുക്കി ജില്ലയിലെ പട്ടയഭൂമിയിൽ ഗാർഹികേതര കെട്ടിടങ്ങൾ നിർമ്മിക്കുന്നവർക്കെതിരെ

നടപടികൾ സ്വീകരിക്കേണ്ട സാഹചര്യമുണ്ടായി. വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മാണം ആരംഭിച്ചിട്ടുള്ളതും റവന്യൂ വകുപ്പ് സ്റ്റോപ് മെമ്മോ നൽകിയിട്ടുള്ളതുമായ മൂന്നാർ മേഖലയിലെ ഗാർഹികേതര കെട്ടിടങ്ങൾ സംബന്ധിച്ച് വിവിധ കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നടപടിയിൽ ഇപ്പോഴുമിരിക്കുകയാണ്. മൂന്നാർ പ്രദേശത്ത് NOC ഇല്ലാതെയും മറ്റും നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുക്കുകയും 22-08-2019-ൽ അങ്ങ് നേരത്തെ പറഞ്ഞതുപോലെ സർവ്വകക്ഷിയോഗത്തിന്റെ തീരുമാനപ്രകാരം 269/2019/റവ. ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി എസ്.എൽ.പി. തള്ളിയ സാഹചര്യത്തിൽ 269/2019 ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിരവധി യോഗങ്ങൾ നടന്നു. ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ചട്ടങ്ങളിലെ വ്യവസ്ഥകൾ

ലംഘിച്ചുള്ള പട്ടയങ്ങൾ റദ്ദാക്കപ്പെടാതെ ക്രമവൽക്കരിക്കാൻ കഴിയുമോയെന്ന പ്രശ്നം ഉന്നയിക്കപ്പെടുന്നുണ്ട്. ആത്യന്തികമായ പ്രശ്നപരിഹാരത്തിന് ചട്ടംതന്നെ ഭേദഗതി ചെയ്യണം എന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. ഇത് തയ്യാറാക്കുന്നതിനായി ചീഫ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ, നിയമ-റവന്യൂ വകുപ്പുസെക്രട്ടറിമാർ എന്നിവരെ പൊതുവായി ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണ്. എന്നാൽ ഇതിനായി ചട്ടത്തിൽ മാത്രം ഭേദഗതി വരുത്തിയാൽ പോരെന്നും നിയമ ഭേദഗതിതന്നെ വേണ്ടിവരുമെന്നുമാണ് ലഭിച്ചിട്ടുള്ള നിയമോപദേശം. WP(C) No. 1801/2010 നമ്പർ കേസ് ഇപ്പോഴും ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലായതിനാലും നിയമവും ചട്ടവും ഭേദഗതി ചെയ്യുന്നതിന് കോടതിയുടെ അനുവാദം വാങ്ങണമെന്നും നിയമ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത്തരം വിഷയങ്ങളിൽ കുറച്ചുകൂടി വ്യക്തത വരുത്തി അഭിപ്രായം നൽകുന്നതിന് സർക്കാർ അഡ്വക്കേറ്റ് ജനറലിനോടും നിയമ വകുപ്പിനോടും ആവശ്യപ്പെട്ടിരിക്കുകയാണ്. അത് ലഭ്യമാകുന്ന മുറയ്ക്ക് അതിൻപ്രകാരം ചട്ട ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നങ്ങളുടെയും നേരത്തെ പറഞ്ഞ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ ഒറ്റ കാര്യം മാത്രമേ ബോധ്യപ്പെടുത്താനുള്ളൂ. കേരള നിയമസഭയുടെ സർവ്വകക്ഷിയോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ ചട്ടം ഭേദഗതി ചെയ്യുക എന്നതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. തീർച്ചയായും ആ ചട്ട ഭേദഗതിയിലേയ്ക്ക് കടക്കുന്നതായിരിക്കും. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ഇവിടെ നടക്കുന്ന തെറ്റായ പ്രചരണം രാഷ്ട്രീയ പ്രേരിതമാണെന്നെനിക്ക് സംശയമുണ്ട്. ആറ് എൽ.എ. ഓഫീസുകളിൽ അഞ്ചെണ്ണം ക്യാൻസലാക്കുകയെന്നുള്ളത് സംബന്ധിച്ച കാര്യം സംബന്ധിച്ച് പരിശോധിച്ചാൽ അങ്ങേയ്ക്ക് ബോധ്യപ്പെടും. ഏത് ഗവൺമെന്റ് ഭരിക്കുമ്പോഴും തുടർച്ചയായ അനുമതി ലഭ്യമാകുമ്പോൾ മാത്രം കിട്ടേണ്ട ഓഫീസുകളാണിവ. തുടർച്ചയായി അനുവാദം കൊടുക്കുമ്പോൾ സാധാരണ ധനകാര്യ വകുപ്പ് ആയത് രേഖപ്പെടുത്തുകയും രണ്ടുവർഷക്കാലം കഴിഞ്ഞാൽ ഇത് അവസാനിപ്പിക്കുകയും ബാക്കിയുള്ള ആവശ്യങ്ങൾക്കായി അത് വീണ്ടും തുടർന്നുകൊടുക്കുകയും ചെയ്യുന്നു. ഇത് വളരെ ഗൗരവമായ രാഷ്ട്രീയ പ്രശ്നമായി ഉന്നയിക്കുന്നതുകൊണ്ട് ആയത് ഈ സഭയെ ബോധ്യപ്പെടുത്താൻ

ഞാൻ ആഗ്രഹിക്കുകയാണ്. ഭൂമി പതിവ് ലഭിക്കാനുള്ള അർഹനായ അവസാനത്തെ മനുഷ്യനും ഭൂമി കൊടുത്തുതീർക്കാതെ ഒരു കാരണവശാലും ഇടുക്കി ജില്ലയിലെ ലാന്റ് അസൈൻമെന്റ് കമ്മിറ്റി ഓഫീസുകൾ അടച്ചുപൂട്ടാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അക്കാര്യത്തിൽ പ്രത്യേകമായ ഒരു ശത്രുതയും ജനങ്ങളോട് കാണിക്കേണ്ടതില്ല. കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള നിവൃത്തികേടുകൾകൊണ്ടും അത് നടപ്പിലാക്കേണ്ട ഉത്തരവാദിത്തമുള്ളതുകൊണ്ടും എടുക്കുന്ന ചില തീരുമാനങ്ങളാണിത്. കോടതി കൊടുത്ത ഉത്തരവിന്മേൽ എൻഡോഴ്സ് ചെയ്തുകൊണ്ട് ആവശ്യപ്പെട്ടതിനാലാണ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സർക്കുലർ അയയ്ക്കേണ്ടി വന്നത്. ഇത് നടപ്പിലാക്കാനുള്ള സർക്കുലർ നൽകിയിട്ടില്ലാത്തതിനാൽ സാങ്കേതികമായി നൽകുകയാണ് ചെയ്തത്. ഈ സർക്കുലർ നിലനിൽക്കുന്നതിനാലും ചട്ടം ഭേദഗതി ചെയ്യാൻ സർക്കാർ ആഗ്രഹിക്കുന്നുവെന്ന നിലപാട് വ്യക്തമാക്കിയ സാഹചര്യത്തിലും ഒരാളോടും ശത്രുതാപരമായ തീരുമാനമെടുക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കയ്യേറ്റക്കാരോടും കുടിയേറ്റക്കാരോടുമുള്ള ഗവൺമെന്റിന്റെ സമീപനം ഒന്നായിരിക്കില്ല; കയ്യേറ്റക്കാർക്കെതിരായി നിൽക്കുന്നതോടൊപ്പം

കുടിയേറ്റക്കാരായ കർഷകരുടെ അർഹതയ്ക്കനുസരിച്ച് ഭൂമി പതിച്ചുനൽകാനുള്ള നടപടിയായിരിക്കും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും പ്രതിപക്ഷനേതാവും സമയം കൂടുതൽ എടുത്തിട്ടുള്ളതിനാൽ സമയബന്ധിതമായി ഇത് തീർക്കണമെന്നുള്ളതുകൊണ്ട് മറ്റുള്ള അംഗങ്ങൾ സമയക്രമം പാലിക്കണമെന്നഭ്യർത്ഥിക്കുന്നു.

2. ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം

ശ്രീ. സണ്ണി ജോസഫ്: സർ, കഴിഞ്ഞ ആഗസ്റ്റ് മാസം 1, 27, 28, 31, സെപ്റ്റംബർ 5 എന്നീ തീയതികളിൽ എന്റെ നിയോജകമണ്ഡലത്തിലെ കണിച്ചാർ പഞ്ചായത്തിലെ പുലക്കുറ്റി മേഖലയിലെ മുപ്പതിലേറെ സ്ഥലങ്ങളിൽ ഉരുൾപൊട്ടലുണ്ടാകുകയും മൂന്ന് ആളുകൾ മരിക്കുകയും ചെയ്തു. 200 ഏക്കറിലധികം പ്രദേശത്ത് കൃഷിനാശമുണ്ടായി സ്ഥലം നഷ്ടപ്പെടുകയും ഒരുപാട് റോഡുകളും പാലങ്ങളും തകരുകയും കച്ചവടസ്ഥാപനങ്ങൾക്ക് നാശനഷ്ടവുമുണ്ടാകുകയും ചെയ്തു. തൊട്ടടുത്ത പഞ്ചായത്തുകളായ കോളയാട്ടും കേളകത്തും പേരാവൂരിലും നാശനഷ്ടം സംഭവിച്ചു. ഇതുസംബന്ധിച്ച് അന്ന്

മന്ത്രിയായിരുന്ന ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവിടെ വന്ന് യോഗം ചേർന്നപ്പോൾ നാശനഷ്ടങ്ങൾക്ക് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പക്ഷേ നാമമാത്രമായ നഷ്ടപരിഹാരം മാത്രമാണ് അനുവദിച്ചത്. വീട് പൂർണ്ണമായും തകർന്ന വെള്ളറ പട്ടികവർഗ്ഗക്കോളനി, ചെക്കേരി കോളനി തുടങ്ങിയ കോളനി നിവാസികൾക്കുപോലും അവരുടെ വീടുകൾ പുനർനിർമ്മിക്കാൻ പണം കിട്ടിയിട്ടില്ല. വീടും സ്ഥലവും പൂർണ്ണമായും തകർന്നവർക്ക് ഇതുവരെ കൊടുത്തിട്ടുള്ളത് 95,000 രൂപ മാത്രമാണ്. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് 4 ലക്ഷം രൂപ വീതം ലഭിച്ചു. കൃഷിനാശം സംഭവിച്ചവർക്ക് ഒരു രൂപ പോലും കിട്ടിയിട്ടില്ല. കൃഷി വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണവകുപ്പിന്റെയും ടീം അവിടെപ്പോയി അന്വേഷണം നടത്തി. ദുരന്തനിവാരണ അതോറിറ്റി ദീർഘനാൾ അന്വേഷണം നടത്തി റിപ്പോർട്ട് കൊടുത്തിട്ടുണ്ടെങ്കിലും ആ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നില്ല നഷ്ടപരിഹാരം നൽകിയിട്ടുള്ളത്. 'കൈപ്പുണ്ണ് കാണാൻ കണ്ണാടിവേണ്ട', നാശനഷ്ടങ്ങൾ ബഹുമാനപ്പെട്ട മന്ത്രിതല സംഘങ്ങളും എം.പി.-മാരും എം.എൽ.എ.-മാരും വന്ന്

പരിശോധിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധികളും ഉദ്യോഗസ്ഥരും റിപ്പോർട്ട് ചെയ്യുകയും നാശനഷ്ടം എല്ലാവരും കണ്ടതുമാണ്. നാലുമാസവും രണ്ടാഴ്ചയും കഴിഞ്ഞിട്ടും ഒരു കാര്യവും നടന്നിട്ടില്ല. ഞാൻ മുഖ്യമന്ത്രിക്ക് ഒരപേക്ഷ നൽകുകയും റവന്യൂ വകുപ്പുമന്ത്രിയെ കണ്ട് അന്നത്തെ സർവ്വകക്ഷിയോഗത്തിൽ ഒരു സ്പെഷ്യൽ പാക്കേജ് വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 2019-ൽ കൃഷിനാശം സംഭവിച്ച ആളുകൾക്കുപോലും നഷ്ടപരിഹാരം നൽകാൻ ഇനിയും ബാക്കിയാണ്. മാതൃഭൂമിയിലെ ഇന്നലത്തെ വാർത്തപ്രകാരം കണ്ണൂർ ജില്ലയിൽ 1965 കൃഷിക്കാരുടെ അപേക്ഷയിന്മേൽ തീർപ്പുകല്പിച്ചിട്ടില്ല. അതുകൊണ്ട് ഈ വിഷയം അവതരിപ്പിക്കാൻ സമയം അനുവദിക്കണം. ഇവിടെ മാത്രമല്ല, തൊട്ടടുത്തിരിക്കുന്ന ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ സ്ഥലമായ കൊടയത്തൂരിലും ഇതേ സംഭവമുണ്ടായി. ഉരുൾപൊട്ടലും പ്രകൃതിക്ഷോഭവുമുണ്ടായ സ്ഥലങ്ങളിൽ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്നതിനോ നഷ്ടപരിഹാരം പൂർണ്ണമായും നൽകാനോ സാധിച്ചിട്ടില്ല. ഈ വർഷം പാക്കേജ് പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് ആവശ്യമായ സഹായവും

നഷ്ടപരിഹാരവും നൽകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ ഗൗരവമേറിയ ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. അങ്ങ് തന്ന സമയപരിധിക്കുള്ളിൽ മറുപടി പറയാനാണ് ഞാനുദ്ദേശിക്കുന്നത്. പൂർണ്ണമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ കണിച്ചാർ, കേളകം, കൊളയോട് പഞ്ചായത്തുകളിലും പരിസരപ്രദേശങ്ങളിലുമുണ്ടായ ദുരന്തം വളരെ ഭീകരവും നമുക്ക് സഹിക്കാൻ കഴിയുന്നതിലും അപ്പുറത്തുമാണ്. അന്നുതന്നെ ബഹുമാനപ്പെട്ട അംഗവുമായി രാത്രി ഏറെ നേരം കൂടിയാലോചന നടത്തുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, നിലവിലുള്ള ദേശീയ ദുരന്തനിവാരണ പദ്ധതിയുടെ തുകയിലുൾപ്പെടുത്തി പലപ്പോഴും കേരളത്തിൽ നാം ആഗ്രഹിക്കുന്ന നിലവാരത്തിലുള്ള നഷ്ടപരിഹാരം അനുവദിക്കാൻ സാധിക്കുന്നില്ല. കേരളത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള എസ്.ഡി.ആർ.എഫ്.-ന്റെ ഫണ്ടുമായി ബന്ധപ്പെട്ട്

---
+ അനുബന്ധമായി ചേർത്തിട്ടുണ്ട്

1,02,000 രൂപ കുന്നിൻപ്രദേശത്തും 95,107 രൂപ സമതല പ്രദേശങ്ങളിലും കൊടുക്കാൻ മാത്രമേ വ്യവസ്ഥ ചെയ്യുന്നുള്ളൂ. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കഴിഞ്ഞദിവസം ചേർന്ന പാർലമെന്റിന് മുന്നോടിയായുള്ള എം.പി.-മാരുടെ യോഗത്തിലും ഈ പ്രശ്നം വളരെ ഗൗരവമായി ഉന്നയിച്ചിട്ടുള്ളതും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലതവണ കത്തെഴുതിയിട്ടുള്ളതുമാണ്. ഞാൻ മന്ത്രിയായതിനുശേഷം അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥന്മാരെ പോയിക്കണ്ട് ഈ പ്രശ്നം ഉന്നയിച്ചെങ്കിലും അത്തരം ഒരു ധാരണയ്ക്ക് അവർ തയ്യാറാകുന്നില്ല. നിരവധി ദുരന്തങ്ങളുണ്ടാകുമ്പോൾ എല്ലാ കേസുകളിലും പ്രത്യേകമായി അത് പ്രഖ്യാപിക്കാൻ കഴിയാത്ത ഒരു പ്രയാസം കേരളത്തിൽ സാമ്പത്തികമായി ഉണ്ടായിരുന്നുവെങ്കിലും അങ്ങ് പറഞ്ഞ വിഷയം വളരെ ഗൗരവമാണെന്ന കാര്യം മനസ്സിലാക്കുന്നുണ്ട്. ഞാൻ ഓരോ കണക്കുകളും വിശദീകരിക്കുന്നില്ല. 12 ലക്ഷം രൂപ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും 14,29,600/- രൂപ ഭൂമിയുമായി ബന്ധപ്പെട്ട് ഭവനങ്ങൾ നഷ്ടപ്പെട്ടവർക്കും നൽകിയിട്ടുണ്ട്. വിവിധ സംവിധാനങ്ങളുമായി ബന്ധപ്പെട്ടുള്ള 21 കോടിരൂപയുടെ നാശനഷ്ടങ്ങൾ ഇതുവഴി പല നിലവാരത്തിൽ കൊടുത്തിട്ടുണ്ട്. പക്ഷേ അങ്ങുദ്ദേശിച്ച

പാക്കേജിനെ സംബന്ധിച്ച് ഒരിക്കൽക്കൂടി ഗവൺമെന്റ് ചർച്ച ചെയ്ത് ഇതിന്റെ ഗൗരവാവസ്ഥ ബോധ്യപ്പെടുത്തിക്കൊണ്ട് കഴിയാവുന്ന വിധത്തിലുള്ള സഹായങ്ങൾക്ക് നേതൃത്വം കൊടുക്കുമെന്ന് ഇപ്പോൾ പ്രഖ്യാപിക്കാനുള്ള.....

ശ്രീ. സണ്ണി ജോസഫ്: സർ, 21 കോടി രൂപയല്ല; 20 ലക്ഷം രൂപയാണ്.

ശ്രീ. കെ. രാജൻ: സർ, ഞാൻ പറഞ്ഞത് പല സ്കീമിൽ ഉൾപ്പെടുത്തിയുള്ളതാണ്. ഇരിട്ടി താലൂക്കിലെ വിവിധ മേഖലകളിൽ 2022 ആഗസ്റ്റ് മാസം സംഭവിച്ച പ്രകൃതിക്ഷോഭങ്ങളിൽ വിവിധ വകുപ്പുകളുടെ കീഴിലുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തരം ശേഖരിച്ചതിൽ 35 കോടിരൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആ നഷ്ടത്തിൽ എസ്.ഡി.ആർ.എഫ്. അനുസരിച്ച് കൊടുക്കാൻ കഴിയുന്ന തുക മാത്രമേ ഇപ്പോൾ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇതൊരു പ്രത്യേക പാക്കേജായി നൽകുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുൾപ്പെടെയുള്ളവരുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കാവുന്നതാണ്.

3. നാട്ടിക ഫർക്ക കുടിവെള്ള പദ്ധതി

ശ്രീ. സി. സി. മുകുന്ദൻ: സർ, എന്റെ സബ്മിഷൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. എന്റെ നിയോജകമണ്ഡലമായ നാട്ടികയിലെ തീരദേശ ഗ്രാമപഞ്ചായത്തുകളായ തളിക്കുളം, നാട്ടിക, വലപ്പാട് ഗ്രാമപഞ്ചായത്തുകൾക്കും കയ്പമംഗലം മണ്ഡലത്തിലെ അഞ്ച് ഗ്രാമപഞ്ചായത്തുകൾക്കും മണലൂർ, ഗുരുവായൂർ നിയോജകമണ്ഡലങ്ങളിലെ ഓരോ ഗ്രാമപഞ്ചായത്തുകൾക്കുമായി വിഭാവനം ചെയ്ത സമഗ്ര കുടിവെള്ള പദ്ധതിയാണ് നാട്ടിക ഫർക്ക കുടിവെള്ള പദ്ധതി. രണ്ട് പാക്കേജുകളിലുമായി 69.96 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയാണിത്. കിഫ്ബി മുഖാന്തരമാണ് പദ്ധതിക്കാവശ്യമായ തുക വകയിരുത്തിയിട്ടുള്ളത്. 19-11-2018-ൽ ഭരണാനുമതി ലഭിച്ച പദ്ധതിക്ക് 23-09-2019-ൽ സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി 25-02-2020-ന് കരാറുകാരന് വർക്ക് ഓർഡർ നൽകി. അതീവഗുരുതരമായ കുടിവെള്ള ക്ഷാമമാണ് തൃശ്ശൂർ ജില്ലയിലെ

തീരദേശ ഗ്രാമപഞ്ചായത്തുകൾ നേരിടുന്നത്. കാലപ്പഴക്കമേറിയ പദ്ധതിയാണ് നിലവിലുള്ളത്. ഇക്കാരണത്താൽ ആവശ്യത്തിന് ജലവിതരണം നടത്താൻ വാട്ടർ അതോറിറ്റിക്ക് സാധിക്കുന്നില്ല. പതിനഞ്ച് ദിവസത്തിലൊരിക്കലുള്ള ടേൺ പ്രകാരമാണ് കുടിവെള്ള വിതരണം നടക്കുന്നത്. കിണറുകളിൽ ഉപ്പുവെള്ള ഭീഷണിയുള്ളതിനാൽ കുടിവെള്ളത്തിന് വാട്ടർ അതോറിറ്റിയിൽ നിന്നും നൽകുന്ന ജലത്തെ മാത്രമാണ് ജനങ്ങൾക്ക് ആശ്രയിക്കാൻ കഴിയുന്നത്. ജലജീവൻ മിഷന്റെ ഭാഗമായി എസ്റ്റിമേറ്റ് എടുത്തപ്പോൾ ഒന്നാം ഘട്ടത്തിൽ Restoration പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ റോഡുപൊളിച്ച് പൈപ്പിട്ടുകഴിഞ്ഞാൽ Restoration പ്രവൃത്തി ഗ്രാമപഞ്ചായത്തുകൾക്ക് ചെയ്യേണ്ടിവരും. അതിനുള്ള ശേഷിയില്ലാത്തതിനാൽ Restoration പ്രവൃത്തികൾക്ക് ആവശ്യമായ തുകകൂടി സർക്കാർ അനുവദിക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നതിൽ അതോറിറ്റി ഉദ്യോഗസ്ഥർ ഗുരുതരമായ കാലതാമസം പദ്ധതി നിർവ്വഹണത്തെ ബാധിച്ചു. ഇക്കാരണത്താൽ ഏറ്റെടുത്ത റേറ്റിൽ പണി നടത്താൻ ആകില്ലെന്ന് കാണിച്ച് വാട്ടർ അതോറിറ്റിക്കെതിരെ കരാറുകാരൻ

ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഇക്കാരണത്താൽ പദ്ധതി അനന്തമായി നീണ്ടുപോകുകയാണ്. ഇപ്പോൾ പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം തുക 88 കോടിരൂപയായി വർദ്ധിച്ചിട്ടുണ്ട്. പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. എങ്കിലും പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടില്ല. ആയതിനാൽ നാട്ടിക ഫർക്ക കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി പുതുക്കി ലഭിക്കുന്നതിനും റെസ്റ്റോറേഷൻ പ്രവൃത്തികൾക്ക് ആവശ്യമായ തുക വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് എന്റെ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വളരെ പ്രധാനപ്പെട്ട ഒരു കുടിവെള്ള പദ്ധതിയുടെ വിഷയമാണ് എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഭരണാനുമതിയും സാങ്കേതികാനുമതിയുമെല്ലാം നൽകി രണ്ട് പാക്കേജായാണ് ടെണ്ടർ ചെയ്തത്. രണ്ട് കോൺട്രാക്ടർമാരും ഇന്ന് കോടതിയെ സമീപിച്ച ഒരു സ്ഥിതിയാണ് നിലവിലുള്ളത്. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ ഒരു കാലതാമസം

നേരിട്ടിട്ടുണ്ട്. അതോടൊപ്പം കോടതി ഇത്തരം കാലതാമസം ദീർഘിപ്പിച്ചുകൊണ്ട് ഒരു അനുമതി നൽകിയിട്ടുമുണ്ട്. അതെല്ലാം പരിശോധിച്ചുവരികയാണ്. പഴയ റേറ്റിൽ പല തവണ ടെണ്ടർ ചെയ്തെങ്കിലും ഓഫറുകളൊന്നും ലഭിച്ചില്ലെന്നുള്ള വിഷയവും ബാക്കിനിൽക്കുന്നുണ്ട്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നതാണ്.+

ഈ പദ്ധതി നടപ്പിലാക്കേണ്ടത് ജലജീവൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് അനിവാര്യമാണ്. അതുകൊണ്ടുതന്നെ സർക്കാർ ഗൗരവമായിട്ടുതന്നെയാണ് ഈ പദ്ധതിയെ കാണുന്നത്. ഫേസ് I-ൽ ടെണ്ടർ ചെയ്തിട്ടുള്ള ജലജീവൻ മിഷന്റെ പദ്ധതിപ്രകാരം പഞ്ചായത്തുകളുടെ തനതുഫണ്ട് ഉപയോഗിച്ച് പഞ്ചായത്തുതല റോഡുകൾ പൊളിക്കുന്നതിന് സാധിക്കുകയില്ലെന്ന ബോധ്യം സർക്കാരിനുണ്ട്. കേന്ദ്ര ഗവൺമെന്റിൽത്തന്നെ ഇക്കാര്യങ്ങൾക്ക് ആവശ്യമായ ഇടപെടലുകൾ നടത്തിയതുപ്രകാരം സെപ്റ്റംബർ മാസം 26-ാം തീയതി അനുമതി ലഭ്യമായി. ആ അനുമതി 15th Finance Commission-ന്റെ ഗ്രാന്റ് Restoration-നുവേണ്ടി ഉപയോഗിക്കാൻ സാധ്യമല്ലായിരുന്നു. എന്നാൽ, Restoration-നുവേണ്ടി ഉപയോഗിക്കാൻ സാധിക്കത്തക്കനിലയിലുള്ള ഒരു

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അനുമതി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ജില്ലാ കളക്ടർമാർക്കും കോപ്പി മെയിൽ ചെയ്ത് നൽകിയിട്ടുണ്ട്. ആ ഗ്രാന്റിൽ നിന്നും പഞ്ചായത്തുകൾക്ക് Phase-I, II & III എന്നീ മൂന്ന് ഘട്ടങ്ങളിൽ വന്നിട്ടുള്ള ടെണ്ടറുകളുടെ ഭാഗമായി റോഡ് പൊളിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ അത് restore ചെയ്യാനായി ഉപയോഗിക്കാനുള്ള permission ലഭിച്ചിട്ടുണ്ട്. അത് നമുക്ക് ആശ്വാസകരമാണ്; അതുപയോഗിക്കുന്നതിനും സാധിക്കും. അതുകാരണം ബുദ്ധിമുട്ടുണ്ടാവുകയില്ല. ഈ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുവന്നിട്ടുള്ള പെൻഡിംഗ്, കോടതിയുടെ കാലതാമസം എന്നീ വിഷയങ്ങളെല്ലാം ഗൗരവമായി കാണുകയും അതുപരിഹരിക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുന്നതുമാണ്.

4. എം.വി.ഐ.പി.-പി.വി.ഐ.പി. കനാലുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവം നിയോജകമണ്ഡലത്തിലെ എം.വി.ഐ.പി., പി.വി.ഐ.പി., എന്നീ കനാലുകൾ വഴിയുള്ള ജലസേചന സൗകര്യങ്ങൾ ഏതാണ്ട് എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ലഭ്യമാണ്. കാലപ്പഴക്കംമൂലമുണ്ടായ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ തുക അനുവദിക്കാതിരിക്കുന്നത് വലിയ

രീതിയിലുള്ള പ്രതിസന്ധികൾ സൃഷ്ടിക്കുകയാണ്. പി.വി.ഐ.പി. കനാലിന്റെ 90 ശതമാനം പ്രദേശങ്ങൾക്കും എം.വി.ഐ.പി.-യുടെ 50 ശതമാനത്തോളം പ്രദേശത്തും അടിയന്തര അറ്റകുറ്റപ്പണികൾ ആവശ്യമാണ്. കനാലുകളിൽ പലപ്പോഴും ലീക്കേജുകളും അതുമൂലം ചില പാടശേഖരങ്ങളിൽ വെള്ളക്കെട്ടും വെള്ളം അനാവശ്യമായി പാഴായിപ്പോകുന്ന സാഹചര്യവുമുണ്ട്. അവിടത്തെ ബണ്ട് റോഡുകൾ തകർന്ന് കിടക്കുന്നു. ഇതെല്ലാം വലിയ രീതിയിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. യഥാർത്ഥത്തിൽ ഇതിന്റെ പർപ്പസ് ഇപ്പോൾ മീറ്റ് ചെയ്യുന്നില്ല. ജലസേചന പദ്ധതികൾ കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ ലഭ്യമാക്കുന്നതിനുവേണ്ടിയാണെങ്കിൽ ഇന്ന് ആ പർപ്പസ് മീറ്റ് ചെയ്യാത്ത സാഹചര്യം വന്നിരിക്കുകയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് പലപ്പോഴായി പരാതികൾ നൽകിയിട്ടുണ്ട്. എം.വി.ഐ.പി., പി.വി.ഐ.പി.-യുടെയും വിഷയങ്ങൾ ബന്ധപ്പെട്ട തലങ്ങളിലുണ്ടെങ്കിലും അതിനൊന്നും യാതൊരു തുടർനടപടിയോ അതിനാവശ്യമായ തുകയോ അനുവദിക്കുന്നില്ല.

അതുകൊണ്ട് അടിയന്തരമായി തുക അനുവദിച്ച് ഈ കനാലുകൾ വീണ്ടും പൂർവ്വസ്ഥിതിയിലാക്കി ജലസേചന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): എം.എൽ.എ. സൂചിപ്പിച്ചത് പെരിയാർ വാലി-മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി കനാലുകളെ സംബന്ധിച്ചാണ്. പെരിയാർ വാലിയിൽ പുനരുദ്ധാരണത്തിനായി 58.6 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നൽകുകയും പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി അറ്റകുറ്റപണികൾക്കായി 53.20 ലക്ഷം രൂപയുടെ 17 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രധാനപ്പെട്ട വിഷയം ഇതുകൊണ്ടൊന്നുമാകുന്നില്ല. കനാലുകളുടെ നവീകരണമെന്നുള്ളത് ഇന്ന് ഉദ്ദേശിച്ചപോലെ ടെയിൽ എൻഡ് വരെ വെള്ളം എത്തിക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഇതെല്ലാം കനാലുകളുടെ കാലപ്പഴക്കംമൂലം സംഭവിച്ച വിഷയങ്ങളാണ്. ഇത്തരം

കാര്യങ്ങളിലെല്ലാം പ്രയോജനകരമാക്കത്തക്ക നിലപാടുകൾ സ്വീകരിക്കുകയും ആവശ്യമായ തുക ബഡ്ജറ്റ് പ്രൊപ്പോസൽ/പ്ലാൻ ഫണ്ട് മുഖാന്തരവും കണ്ടെത്താൻ സാധ്യമല്ലാത്ത സ്ഥിതിയുമാണ്. അതുകൊണ്ട് ചെറിയ തുകയിൽ ഒതുങ്ങിനിൽക്കുന്നതല്ലെന്നുള്ളതുകൊണ്ട് ഇതിനാവശ്യമായ ഫണ്ട് സമാഹരിക്കാൻ എന്തുചെയ്യാൻ സാധിക്കുമെന്ന ആലോചനയും ഗവൺമെന്റ് നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചും കനാൽ, ബണ്ട് റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിരാക്ഷേപപത്രം നൽകുന്നൊരു സ്ഥിതിയും ഇപ്പോൾ നിലവിലുണ്ട്. ഇതൊരു സഹകരണ മനോഭാവത്തോടെ മാത്രമെ പോകാൻ സാധിക്കുകയുള്ളൂ. ഈ കനാൽ വളരെ കാലപ്പഴക്കമുള്ളതാണ്. കാലാകാലങ്ങളിൽ ഇതിന്റെ പ്രവൃത്തി ചെയ്യുന്നതിനും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും പരിമിതികളുണ്ട്. എന്നാൽ പരിമിതികൾക്കപ്പുറമാണ് ഇത്തരം കാര്യങ്ങളെന്നതിനാൽ പ്രത്യേകമായ ഫണ്ട് സമാഹരിച്ച് ഇത്തരം പദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച്

ചിന്തിക്കുന്നുണ്ട്.

## 5. ജല നിർഗ്ഗമനം സുഗമമാക്കൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, തൊഴിലുറപ്പ് പദ്ധതിയെ തകർക്കാൻ കേന്ദ്ര സർക്കാർ നടത്തുന്ന നിരന്തര പരിശ്രമത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ ഇടയിൽ രൂപപ്പെട്ട പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെടുന്ന ഒരു സബ്മിഷനാണിത്. ആലത്തൂർ-ചിറ്റൂർ- പാലക്കാട് താലൂക്കുകളിൽ മാത്രമായി ഏതാണ്ട് 30,570 ഹെക്ടർ ഭൂമിയിൽ നെൽകൃഷിയും മറ്റ് താലൂക്കുകൾ പരിശോധിക്കുകയാണെങ്കിൽ ഇത് 50,000-ന് താഴെയും വരുന്നതാണ്. ഇവിടെയുള്ള പ്രധാനപ്പെട്ട ജലസേചന പദ്ധതികൾ മലമ്പുഴ-മംഗലം-പൊത്തുണ്ടി-ചേരമംഗലം എന്നിവയാണ്. 2110 കിലോമീറ്റർ കനാലുകൾ ഇറിഗേഷന്റെ ഭാഗമായുണ്ട്. അതിന് പുറമെയാണ് കാഞ്ഞിരപ്പുഴ, മീങ്കര തുടങ്ങി മറ്റ് ഡാമുകളിലുള്ള കനാലുകളെല്ലാം വരുന്നത്. ഇതെല്ലാം കാലാകാലങ്ങളിൽ വൃത്തിയാക്കിയിരുന്നത് തൊഴിലുറപ്പ് തൊഴിലാളികളാണ്. ഒരു സീസൺ കഴിഞ്ഞ് രണ്ടാം വിളകാലത്തിനുമുമ്പുള്ള ഇടവേള സമയത്ത് പതിനായിരക്കണക്കിന് തൊഴിലാളികൾ ചെയ്തുവന്നിരുന്ന ജോലികൾ

നിന്നുപോയിരിക്കുന്നു. ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കണം. ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പ് ഒരു നീക്കം നടത്തുകയും പഞ്ചായത്തുകൾക്ക് ചെറിയരീതിയിലുള്ള അനുമതി നൽകിയിട്ടുമുണ്ട്. അതെല്ലാം താൽക്കാലികമാണ്. ഇതിന് ശാശ്വതപരിഹാരം കണ്ടെത്താൻ കഴിയണം. നെൽകർഷകരുടെ ജീവിതം വളരെ ദുരിതകരമാണ്. പാലക്കാട് ജില്ലയിലെ നെൽകർഷകർ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് പോകുകയാണ്. പ്രധാനമായും മേജർ ഇറിഗേഷനെ ആശ്രയിച്ചാണ് ഇവർ കൃഷി നടത്തുന്നത്. അതുകൊണ്ട് മേജർ ഇറിഗേഷന് സഹായം നൽകണം. കനാലുകൾ വൃത്തിയാക്കുന്നതിനുള്ള ഫണ്ട് അടിയന്തരമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പ്രധാനപ്പെട്ടൊരു വിഷയമാണിത്. നെൽകർഷകരുടെ വിഷയമായതിനാൽ ഗൗരവമേറിയ വിഷയമാണെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. മുൻ കാലങ്ങളിലായി ഇത്തരം കാര്യങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിലൂടെയാണ് പരിഹാരം കണ്ടെത്താൻ ശ്രമിച്ചത്. അതിനാവശ്യമായ ഒരു സ്ഥിതി ഇപ്പോൾ നടത്താൻ

സാധിക്കാതെ വന്നിരിക്കുന്നു. ആവർത്തന സ്വഭാവമുള്ള പ്രവർത്തനങ്ങൾ ഇനിമുതൽ MGNREGA മുഖേന നടപ്പാക്കാൻ സാധിക്കില്ല. കനാൽ വൃത്തിയാക്കൽ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന കാടുവെട്ടൽ, ചെളിനീക്കം മുതലായവ തൊഴിലുറപ്പ് പദ്ധതിയിൽ സാദ്ധ്യമല്ലെന്ന് മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇത് വലിയ ബുദ്ധിമുട്ട് നേരിടുന്ന വിഷയമാണ്. ഈ കനാലുകൾ പരിശോധിക്കുമ്പോൾ ഇത്രയും ദൂരം ചെയ്യുന്നതിനുവേണ്ടിയുള്ള തുക സ്വാഭാവികമായും മേജർ ഇറിഗേഷനിലോ, മൈനർ ഇറിഗേഷനിലോ ലഭ്യമാക്കാൻ സാധിക്കില്ല. പഞ്ചായത്തുകൾ സഹകരിച്ച് ഇത്തരം പ്രവൃത്തികൾ ചെയ്തിരുന്ന കാലഘട്ടത്തിൽ ഇതെല്ലാം എളുപ്പത്തിൽ ചെയ്യാൻ സാധിക്കുമായിരുന്നു. ഇതിന് പ്രത്യേകമായ ഒരു ഹെഡ്ഡും വരുംകാലങ്ങളിൽ പ്രത്യേകമായ ഒരു സുരക്ഷയും ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നത് കാലാകാലങ്ങളിൽ കൃഷി തുടർന്ന് ചെയ്യുന്നതിന് കർഷകർക്ക് പ്രയോജനകരമായി മാറുന്നതാണ്. അടിയന്തരമായി ഇത്തരം കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കാൻ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം I-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി

ചെയ്യാൻ സാധിക്കുന്നത് എന്താണെന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവപൂർവ്വമാണ് ചിന്തിക്കുന്നത്.

6. കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട്ടിലെ ജനങ്ങൾ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയാണിത്. 2017-ൽ അന്നത്തെ സെക്രട്ടറിയായിരുന്ന ടിങ്കു ബിസ്വാൾ, ഐ.എ.എസ്. ഒപ്പിട്ട് നൽകിയ പേപ്പറുമായി അഞ്ച് വർഷമായി ഇതിന്റെ പുറകെ നടക്കുകയാണ്. പക്ഷേ വിചാരിച്ച നിലയിൽ ഈ പദ്ധതിക്ക് പുരോഗതിയിലെത്തിക്കാൻ സാധിച്ചില്ലെന്നത് വളരെയധികം വേദനാജനകമാണ്. 290 കോടി രൂപ അനുവദിച്ചു. പക്ഷേ അതിന്റെ അവലോകനത്തിലേയ്ക്ക് വന്നപ്പോൾ 98.37 കോടിരൂപ അധികമായി വേണമെന്ന് പറഞ്ഞു. ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം ക്രമപ്പെടുത്തിയിരിക്കുകയാണ്. തോമസ് ചാണ്ടിയും ഞാനും സ്ഥലം സൗജന്യമായി നൽകിയതാണ്. പദ്ധതിക്കാവശ്യമായ സ്ഥലവും ഓവർ ഹെഡ് ടാങ്ക് പണിയുന്നതിനുള്ള സ്ഥലവും ഏറ്റെടുത്തുകഴിഞ്ഞു. എന്തുകൊണ്ടാണ് ഈ പ്രവൃത്തി പിന്നെയും താമസിക്കുന്നതെന്ന് അറിയാൻ കുട്ടനാട്ടിലെ ജനത കാത്തിരിക്കുകയാണ്. അതുകൊണ്ട് ആരാധ്യനായ

വകുപ്പുമന്ത്രി നല്ലൊരു മറുപടി തരണം. ഈ പദ്ധതി ഇപ്പോൾ ശരിയാകുമെന്ന് പറയുന്നതല്ലാതെ ഒന്നുമാകുന്നില്ലെന്ന വിഷമം ഹൃദയത്തിനകത്തുണ്ട്. ഇത് ഒരു ഗൗരവമേറിയ വിഷയമായതുകൊണ്ട് സമയം തീർന്നുവെന്ന് അങ്ങ് ധൃതി കൂട്ടരുത്. കാരണം നിയമസഭയിൽ വരുന്നതുതന്നെ ഇതിനാണല്ലോ, 3,50,000 ജനങ്ങൾ ശ്രദ്ധയോടെ കാത്തിരിക്കുന്നൊരു വിഷയമാണ് കുട്ടനാട് എം.എൽ.എ.-യായ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പറഞ്ഞ വിഷയം മന്ത്രിക്ക് ബോധ്യമായിട്ടുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: മറുപടി അദ്ദേഹം പറയണമെങ്കിൽ ചോദ്യം ചോദിക്കണ്ടേ; അതുകൊണ്ട് ഈ വിഷയത്തിന് നല്ലൊരു മറുപടി പ്രതീക്ഷിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഈ വിഷയത്തിൽ പലതവണ ഞാൻ വ്യക്തമായ മറുപടി നൽകിയിട്ടുള്ളതാണ്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു പദ്ധതി വന്നുകഴിഞ്ഞാൽ ആവശ്യമായി ചെയ്തെടുക്കേണ്ട നടപടികളിൽ വന്ന കാലതാമസമാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്ഥലമെടുപ്പുമായി

ബന്ധപ്പെട്ടതാണ്. അക്കാര്യം ബഹുമാനപ്പെട്ട എം.എൽ.എ.-ക്കുമറിയാം. പ്ലാന്റിന്റെ നിർമ്മാണം, ഓവർ ഹെഡ് ടാങ്കുകൾ ഉൾപ്പെടെയുള്ളവയ്ക്ക് ആവശ്യമായ സ്ഥലം കണ്ടെത്തുകായെന്നുള്ളത് പ്രധാന വിഷയമായിരുന്നു. മാത്രമല്ല, ആലപ്പുഴയിലെ ചില ഭൂപ്രശ്നങ്ങൾ, അല്ലെങ്കിൽ ലാൻഡിന്റെ ഇഷ്യൂ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ജില്ലാ കളക്ടറുമായി പല തവണ ചർച്ച ചെയ്ത് അതെല്ലാം ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. പരിഹരിച്ചുവന്നപ്പോഴേക്കും എസ്റ്റിമേറ്റ് തുകയും മാറി. ആദ്യം എസ്റ്റിമേറ്റ് നൽകിയതുപ്രകാരമുണ്ടായിരുന്ന തുകയേക്കാൾ വലിയ തുകയിലേക്ക് ഇപ്പോൾ മാറിയിട്ടുണ്ട്. ആ നിലയിൽ ബഹുമാനപ്പെട്ട മെമ്പർ 13 പഞ്ചായത്തുകൾക്കുവേണ്ടി 30 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാല നിർമ്മിക്കാനാണ് ഉദ്ദേശിച്ചത്. പമ്പാ നദി സ്രോതസ്സായി പദ്ധതിയുടെ പ്രധാന ഘടകങ്ങൾ നീരേറ്റുപുറത്തിന്റെ റോ വാട്ടർ പമ്പിംഗ് മെയിൻ, 30 ദശലക്ഷം ലിറ്റർ പ്രതിദിന ഉൽപ്പാദനശേഷിയുള്ള ജലശുദ്ധീകരണശാലയും 13 ഉന്നതതല ജലസംഭരണിയും 46.02 കിലോ മീറ്റർ ട്രാൻസ്മിഷൻ ലൈനും 895 കിലോ മീറ്റർ വിതരണ ശൃഖലയുമുണ്ട്. ചെറിയ രീതിയിലുള്ളൊരു പദ്ധതിയല്ല. അതിനാവശ്യമായി 289.54 കോടി രൂപയാണ് ഭരണാനുമതി

നൽകിയിരുന്നത്. എന്നാൽ കാലതാമസം രൂപപ്പെട്ടുവന്നതിനുശേഷം ആ തുക 387.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ഇത്തരം കാര്യങ്ങൾ ഉടനെ ശ്രദ്ധിക്കും. നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവന്നൊരു കാലതാമസം സ്വാഭാവികമായും നാട്ടിൽ രൂപപ്പെട്ടു വന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. നടത്തിയ ശ്രമങ്ങളെ ഒരിക്കലും കുറച്ചു കാണുന്നില്ല. അങ്ങ് ഇക്കാര്യത്തിൽ നല്ലവണ്ണം ശ്രമിച്ചതുകൊണ്ടാണ് ഇത്രയും പെട്ടെന്ന് ഇത് പൂർത്തിയാക്കാനായി കഴിഞ്ഞിട്ടുള്ളത്. വളരെപെട്ടെന്ന് ഭരണാനുമതി വാങ്ങി കുട്ടനാട്ടിലെ ജനങ്ങളുടെ പ്രശ്നം പരിഹരിക്കുക എന്നുള്ളതിന് വലിയ ഗൗരവം, പ്രത്യേകിച്ച് മറ്റിതര മേഖലയെക്കാൾ വ്യത്യസ്തമായി കുട്ടനാട്ടിന്റെ പ്രത്യേകത കൂടി കണക്കിലെടുത്തുകൊണ്ട് അവിടത്തെ കുടിവെള്ള പ്രശ്നത്തിന് ഇതല്ലാതെ മറ്റൊരു മാർഗ്ഗമില്ലെന്നും ഒന്നിനെയും ആശ്രയിക്കാൻ കഴിയില്ലെന്നുമുള്ള ഉത്തമ ബോധം സർക്കാരിനുണ്ട്. അതുകൊണ്ടാണ് ഇത്രയും വലിയൊരു തുക ആദ്യംതന്നെ ഉൾക്കൊള്ളിച്ചത്. അത് പുതുക്കിയ ഭരണാനുമതിയുടെ പശ്ചാത്തലത്തിൽ ഉടനെത്തന്നെ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി

നടപ്പിലാക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കും.

7. ഗിഫ്റ്റ് സിറ്റിക്ക് ഭൂമി വിട്ടു നൽകിയ ഭൂവുടമകളുടെ പ്രശ്നങ്ങൾ

ശ്രീ. റോജി. എം. ജോൺ: സർ, കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ അയ്യമ്പുഴ വില്ലേജിൽ നിർദ്ദിഷ്ട ഗിഫ്റ്റ് സിറ്റി പദ്ധതിക്കുവേണ്ടി ഏകദേശം 400 ഏക്കറോളം ഭൂമി എറ്റെടുക്കേണ്ടതിന്റെ പ്രാരംഭ നടപടികൾ 2020-ൽ ആരംഭിച്ചിരുന്നു. ഇപ്പോൾ ഏകദേശം രണ്ട് വർഷത്തോളം പിന്നിട്ടിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ നടപടി അനിയന്ത്രിതമായി നീണ്ടുപോകുന്നതുമൂലം ആളുകൾക്ക് തുക ലഭിച്ചിട്ടുമില്ല അവർക്ക് ആ ഭൂമിയിന്മേൽ ക്രയവിക്രയം നടത്താനോ ലോൺ എടുക്കാനോ മറ്റാവശ്യങ്ങൾ നടത്താനോ സാധിക്കാത്ത സാഹചര്യമാണ്. അവിടെ സാധാരണക്കാരായ കൃഷിക്കാർ, പ്ലാന്റേഷൻ തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികൾ അധിവസിക്കുന്നൊരു പ്രദേശമാണ്. ഇത്രയും കാലമായി നീണ്ടുപോകുന്നതുകൊണ്ട് അവർക്ക് തുക ലഭിക്കാത്ത സാഹചര്യമുണ്ട്. ആ ഭൂമിക്കുമേൽ മറ്റ് തുടർ നടപടികളൊന്നും സ്വീകരിക്കാൻ സാധിക്കാതെ നിൽക്കുകയുമാണ്. മാത്രമല്ല നിരവധി ആളുകൾ, ഭൂമി എന്തായാലും വിട്ടുകൊടുക്കേണ്ടതായ

സാഹചര്യമുള്ളതുകൊണ്ട് അവർ മറ്റ് സ്ഥലങ്ങളിൽപ്പോയി ഭൂമി വാങ്ങാനായി അഡ്വാൻസ് ഉൾപ്പെടെ നൽകി. പക്ഷേ, സർക്കാരിന്റെ ഭാഗത്തുനിന്നും ഭൂമിക്ക് പണം നൽകാത്ത സാഹചര്യമുള്ളതുകൊണ്ട് അവർക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല, അവർ പകച്ച് നിൽക്കുകയാണ്, വലിയ ദുരിതത്തിലാണ്. എത്രയും വേഗം നടപടികൾ പൂർത്തീകരിച്ച് ആ തുക നൽകാനുള്ള ഒരു സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അതുപോലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുകൊണ്ട് ആദ്യഘട്ടത്തിൽ പലതരത്തിലുള്ള ആശങ്കകളും നിലനിന്നിരുന്നു. അതിന്റെ ഭാഗമായി അവിടെ സമരങ്ങൾ രൂപപ്പെട്ടുവന്നു, സ്വാഭാവികമാണ്. ആ സമരങ്ങളും പ്രതിഷേധങ്ങളും രൂപപ്പെട്ടു വന്നപ്പോൾ ഭൂമി ഏറ്റെടുക്കൽ നടപടി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യമുണ്ടായിരുന്നു. എം.എൽ.എ. എന്ന നിലയിൽ ഞാൻ തന്നെ മുൻകയ്യെടുത്ത് അന്നത്തെ ജില്ലാ കളക്ടറും കിൻഫ്രയിലെ ഉദ്യോഗസ്ഥരും പോലീസുമുൾപ്പെടെ മണിക്കൂറുകളോളം മൂന്ന് റൗണ്ട് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് സമരങ്ങളെല്ലാം അവസാനിപ്പിക്കുകയും സർവ്വെ നടപടികളും ഭൂമിഏറ്റെടുക്കൽ നടപടികളുമെല്ലാം വളരെ സ്മൂത്തായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന

സാഹചര്യം അവിടെ ഒരുക്കിയത്. അന്ന് അവിടെ പറഞ്ഞിരുന്നൊരു കാര്യമുണ്ടായിരുന്നു. അതുമായി ബന്ധപ്പെട്ടുണ്ടായ കേസ്സുകളുടെ കാര്യത്തിൽ മൃദുസമീപനമുണ്ടാകും. ആ കേസ്സുകൾ പിൻവലിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കാമെന്നും അന്ന് വാക്കാലൊരു ധാരണ ജില്ലാകളക്ടർ ഉൾപ്പെടെയുള്ള ആൾക്കാരുമായി നടത്തിയ ചർച്ചയിലുണ്ടായിരുന്നു. ഭൂമിയുടെ തുക എത്രയും വേഗം ജനങ്ങൾക്ക് നൽകി അവരുടെ ആശങ്ക പരിഹരിക്കുന്നതിനും അതുപോലെ കേസ്സുകൾ പിൻവലിക്കുന്നതിനുമുള്ള നടപികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഗിഫ്റ്റ് സിറ്റി, കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ രണ്ടാം ഘട്ടത്തിലാണ് കണ്ടിരുന്നത്. എന്നാൽ ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഗവൺമെന്റ് പ്രത്യേക താൽപ്പര്യം പ്രകടിപ്പിച്ചതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽത്തന്നെ ഉൾപ്പെടുത്താനായി കഴിഞ്ഞു. യഥാർത്ഥത്തിൽ 220 ഹെക്ടർ സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നത്. അവിടെ പ്രതിഷേധമുൾപ്പെടെയുള്ള കാര്യങ്ങൾ

വന്നതിനെത്തുടർന്ന് എം.എൽ.എ. യും മറ്റ് ജനപ്രതിനിധികളും ചർച്ച ചെയ്ത് അത് 144 ഹെക്ടറായി കുറയ്ക്കുകയുണ്ടായി. എന്നാൽ നേരത്തെ സൂചിപ്പിച്ച 220 ഹെക്ടറായിരിക്കുമ്പോൾ അന്ന് കണ്ടിരുന്നത് 540 കോടി രൂപയായിരുന്നു. പക്ഷേ, 80 ഹെക്ടർ കുറഞ്ഞപ്പോൾ ഇപ്പോൾ 840 കോടി രൂപയായി വർദ്ധിച്ചു. നേരത്തെ സമരം ചെയ്ത് തങ്ങളുടെ ഭൂമി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടവരെല്ലാം ഇപ്പോൾ അവരുടെ ഭൂമി കൂടി ഏറ്റെടുക്കണമെന്നുള്ള സമ്മർദ്ദത്തിലാണ് നിൽക്കുന്നതെന്നത് മറ്റൊരു ഭാഗം. 840 കോടി രൂപയായി ഉയർന്നതോടുകൂടി വീണ്ടും പുതിയ അനുമതിക്കായി പോകേണ്ടി വന്നു. അതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അത് കിഫ്ബിയിലേയ്ക്ക് വച്ചിരിക്കുകയാണ്. കിഫ്ബിയിൽ നിന്നും തുക ലഭിക്കുന്ന മറയ്ക്ക് എത്രയുംവേഗം തുക നൽകാനുള്ള താൽപ്പര്യമാണ് സർക്കാരിനുള്ളത്. എത്രയും വേഗം അതേറ്റെടുത്ത് പദ്ധതിയുമായി മുന്നോട്ട് പോകാനാണ് ശ്രമിക്കുന്നത്. അഞ്ച് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം കഴിഞ്ഞ് പെരുമ്പാവൂർ കോടതിയിൽ വിചാരണയുടെ ഘട്ടത്തിലാണ് നിലനിൽക്കുന്നത്.

8. പൊൻപാറക്കുന്ന് ലൈഫ് ഭവന സമുച്ചയം

ശ്രീ. പി. ടി. എ. റഹിം: സർ, മാവൂർ പഞ്ചായത്തിലെ പൊൻപാറക്കുന്നിൽ PWD നൽകിയ 80 സെന്റ് സ്ഥലത്താണ് ലൈഫ് മിഷൻ ഫ്ലാറ്റ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നത്. പ്രസ്തുത സ്ഥലം അനുയോജ്യമല്ലാത്തതിനാൽ PWD-ക്ക് തന്നെ ഇവിടെ വേറെ സ്ഥലം ലഭ്യമാണ്. ഇക്കാര്യത്തൽ PWD-യുമായി ബന്ധപ്പെട്ട് ഭൂമി ലഭ്യമാക്കണം. മാവൂർ റോഡ് നിർമ്മാണത്തിനുവേണ്ടി PWD എടുത്ത സ്ഥലം മണ്ണെടുക്കാനായി എടുത്ത സ്ഥലമാണ്, അത് PWD-ക്ക് ആവശ്യമില്ലാത്തതാണെന്നുകൂടി സൂചിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട ശ്രീ. പി.ടി.എ. റഹിം ഉന്നയിച്ച കോഴിക്കോട് ജില്ലയിലെ മാവൂരിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ പൊൻപാറക്കുന്നിലുള്ള 266 സെന്റ് സ്ഥലത്തിന്റെ പ്രശ്നമാണ്. അത് ഭവന സമുച്ചയ നിർമ്മാണത്തിന് വിനിയോഗിക്കാൻ പറ്റാത്തതിന്റെ പ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചത്. പൊൻപാറക്കുന്നിലുള്ള 266 സെന്റ്സ്ഥലമുൾപ്പെടെ 36 ഹൗസിങ്ങ് പ്ലോട്ടുകൾ ലൈഫ് ഭവന

സമുച്ചയ നിർമ്മാണത്തിന് വിനിയോഗിക്കാനായി അനുവദിച്ചിരുന്നു. ഈ ഭൂമിയിൽ 44 യൂണിറ്റുകളടങ്ങിയ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 6.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതനുസരിച്ച് പ്രീ-ഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യയിൽ 44 വീടുകളടങ്ങിയ ഭവന സമുച്ചയ നിർമ്മാണത്തിന് ഇ.പി.സി. മോഡലിൽ ടെണ്ടർ ക്ഷണിച്ച് കരാർ നൽകുകയും ചെയ്തതാണ്. എന്നാൽ വിശദമായ പരിശോധനയിൽ 266 സെന്റ് സ്ഥലം ഭവന സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ പ്രധാന വീഥിയോട് ചേർന്ന മുൻഭാഗവും മധ്യഭാഗവും നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള ഈ സ്ഥലം പകരമായി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. നിർമ്മാണം ആരംഭിച്ച പദ്ധതികളുണ്ട്, അവയുടെ പൂർത്തീകരണത്തിനാണ് ഇപ്പോൾ സർക്കാർ മുൻഗണന നൽകുന്നത്. ഇതിന്റെ ഭാഗമായി 30 ഭവന സമുച്ചയങ്ങൾ നിർമ്മാണ പ്രവർത്തന പുരോഗതിയിലാണ്. അതിൽ 44 യൂണിറ്റുകൾ വീതമുള്ള 4 ഭവന സമുച്ചയങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി

പൂർത്തിയാക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകുന്നത്. പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ട പ്രകാരം പുതിയ സ്ഥലം ലഭിക്കുകയാണെങ്കിൽ അവിടെ ഭവന സമുച്ചയ നിർമ്മാണം നടത്താനുള്ള സാദ്ധ്യത സർക്കാർ തീർച്ചയായും പരിഗണിക്കുന്നതാണ്.

9. ബേപ്പൂർ പോർട്ടിന്റെ പ്രവർത്തനം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിലെ പ്രധാനപ്പെട്ട തുറമുഖങ്ങളിലൊന്നാണ് ബേപ്പൂർ. ഇവിടെ ധാരാളം തൊഴിലാളികൾ ലക്ഷദ്വീപിലേയ്ക്കുള്ള കയറ്റുമതിയെ ആശ്രയിച്ച് ജോലി ചെയ്തു വരികയാണ്. ജോലി ഇല്ലാത്തതിനാൽ തൊഴിലാളികളെല്ലാം വളരെ പ്രയാസത്തിലാണ്. കണ്ടെയ്നർ ഇറക്കുമതി ഇപ്പോൾ നടക്കുന്നില്ല. തുറമുഖത്ത് ആഴമില്ലാത്തതിനാൽ കപ്പലുകൾക്ക് വാർഫിൽ എത്താൻ പോലും കഴിയുന്നില്ല. തുറമുഖത്ത് പലരും ചരക്കിറക്കാൻ സന്നദ്ധമാണെങ്കിലും അവിടെ കപ്പൽ എത്താൻ കഴിയുന്നില്ലെന്നുള്ളതുകൊണ്ട് വിസമ്മതം പ്രകടിപ്പിക്കുകയാണ്. അഴിമുഖത്തെ മണ്ണ് നീക്കം ചെയ്യുന്നതിന് KITCO 60 കോടി രൂപ ചെലവിൽ ഡി.പി.ആർ തയ്യാറാക്കിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. മലബാറിന്റെ മൊത്തം വികസനം ലക്ഷ്യമിട്ടാണ് തുറമുഖ

വികസനം കാണേണ്ടത്. പോർട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കേണ്ടതുണ്ട്. ഡ്രഡ്ജിങ്ങിനാവശ്യമായ ഫണ്ടനുവദിച്ച് പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുകയും തൊഴിലാളികൾക്ക് ജോലി സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ലക്ഷദ്വീപിലേക്കുള്ള ചരക്ക് ഗതാഗതം മുഖ്യമായും നടന്നു വന്നിരുന്നത് ബേപ്പൂർ തുറമുഖത്ത് നിന്നാണ്. എന്നാൽ അടുത്ത കാലത്തായി ലക്ഷദ്വീപ് ഭരണകൂടം കേരളത്തോട് സ്വീകരിക്കുന്ന പൊതുനിലപാടിന്റെ ഭാഗമായി ലക്ഷദ്വീപിലേക്കുള്ള കപ്പൽ സർവ്വീസുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അതുപോലെ ബേപ്പൂരിൽ നിന്ന് എണ്ണ കൊണ്ടുപോകുന്ന കപ്പലുകളുടെ എണ്ണത്തിലും ലക്ഷദ്വീപ് ഭരണകൂടം കുറവ് വരുത്തിയിട്ടുണ്ട്. കോവിഡ് കാലത്ത് വളരെ മികച്ച സേവനം നൽകിയെന്ന് സാക്ഷ്യപ്പെടുത്തിയ ലക്ഷദ്വീപ് ഭരണകൂടം തന്നെ ഇപ്പോൾ തുറമുഖത്തിന്റെ ആഴക്കുറവും തിരക്കും ചൂണ്ടിക്കാട്ടിയാണ് കപ്പൽ സർവ്വീസുകളുടെ എണ്ണം കുറച്ചിരിക്കുന്നത്. ലക്ഷദ്വീപിനുവേണ്ടി അവർ സ്വന്തമായി ഒരു ബെർത്ത്

നിർമ്മിക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അതനുസരിച്ച് അവർക്ക് സ്ഥലം നൽകാനുള്ള ധാരണാ പത്രത്തിലും ഒപ്പുവെച്ചു. എന്നാൽ ഈ നടപടി അവർ പൂർത്തീകരിച്ചില്ല. ഇപ്പോൾ തുറമുഖം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ അടിയന്തരമായ നടപടികൾ സ്വീകരിച്ചു വരികയാണ്. തുറമുഖത്തിന്റെ ആഴം പടിപടിയായി 10 മീറ്റർ വരെ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനുവേണ്ടി ഈ വർഷം ബജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 11.8 കോടി രൂപ ചെലവഴിച്ച് ആദ്യഘട്ടത്തിൽ 5.5 മീറ്റർ ആഴം ലഭിക്കുന്ന തരത്തിൽ മെയിന്റനൻസ് ഡ്രഡ്ജിംഗ് നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ് പ്രവൃത്തി നടത്തുന്നത്. ഇതിനായി കേരള മാരിടൈം ബോർഡും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ഈ പ്രവൃത്തി 3 മാസം കൊണ്ട് പൂർത്തീകരിക്കുവാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. മെയിന്റനൻസ് ഡ്രഡ്ജിംഗ് പൂർത്തിയായാൽ KITCO തയ്യാറാക്കിയ പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്യാപിറ്റൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള

നടപടി സ്വീകരിക്കുന്നതാണ്. ഇത് കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിക്കാവാനാണ് ശ്രമിക്കുന്നത്. തുറമുഖ വകുപ്പിന്റെ 2022-2023 ലെ ഫണ്ടിൽ നിന്നും 2023-2024 സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും ബാക്കി ആവശ്യമായ തുക കണ്ടെത്തുവാൻ കഴിയും. അതുകൊണ്ട് സാമ്പത്തിക പ്രയാസം ഇക്കാര്യത്തിൽ ഇല്ലായെന്നുള്ള കാര്യവും അറിയിക്കുന്നു. ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.യും പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായ ശ്രീ. മുഹമ്മദ് റിയാസിന്റെ നിരന്തരമായ അഭ്യർത്ഥനകൂടി പരിഗണിച്ചുകൊണ്ട് ബേപ്പൂരിൽ ഒരു പുതിയ ബെർത്തുകൂടി നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണെന്ന വിവരംകൂടി അറിയിക്കുന്നു.

10. മുല്ലത്തറ, മന്ദലാംകുന്ന് എന്നിവിടങ്ങളിലെ അടിപ്പാത നിർമ്മാണം

ശ്രീ. എൻ. കെ. അക്ബർ: സർ, ഗുരുവായൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന NH-66 -ലെ കാപ്പിരിക്കാട് തള്ളിക്കുളം റീച്ചിൽ ഉൾപ്പെട്ട 2 പ്രധാന സ്ഥലങ്ങളിലെ ഗതാഗത പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണ് സബ്മിഷൻ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സഭയിൽ ഉന്നയിക്കുകയും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും കേന്ദ്രമന്ത്രിക്കും പ്രോജക്ട് മാനേജർ

ഉൾപ്പെടെയുള്ളവർക്കും ഇതുസംബന്ധിച്ച പരാതി നല്കിയിരുന്നു. ചാവക്കാട് ടൗണിനോട് ചേർന്ന ഈ പാതയിൽ 25 മീറ്റർ വീതിയുള്ള അടിപ്പാതയാണ് National Highways Authority of India (NHAI) നിർദ്ദേശിച്ചിട്ടുള്ളത്. സിവിൽ സ്റ്റേഷനും ചാവക്കാട് പട്ടണവും ടി പാതയുടെ 100 മീറ്റർ കിഴക്കാണ് സ്ഥിതി ചെയ്യുന്നത്. 1 കിലോമീറ്റർ പടിഞ്ഞാറ് മാറിയാണ് സർക്കാരിന്റെ പ്രൊപ്പോസ്ഡ് തീരദേശ പാതയിലുൾപ്പെടുന്ന ബീച്ച് ജംഗ്ഷൻ. ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ടതും പ്രതിദിനം ആയിരത്തോളം ആളുകളും വരുന്ന ചാവക്കാട് ബീച്ചിന്റെ വികസനം ഇതോടെ തകിടം മറിയും. പട്ടണത്തിന്റെ മുഖവും ബീച്ച് വികസനത്തിന്റെ വാതിലും അടച്ചുകെട്ടേണ്ട നിലയാകും. പട്ടണങ്ങൾക്ക് NHAI പ്രൊപ്പോസൽ Vehicular Underpass (VUP) അല്ല. ഫ്ലൈ ഓവറാണ്. അതുകൊണ്ട് ചാവക്കാട് - മുല്ലത്തറ ജംഗ്ഷനിൽ തുറസ്സായ ആകാശപ്പാത പണിയണം.

മന്ദലാംകുന്ന് ജംഗ്ഷനിൽ NHAI അടിപ്പാത അനുവദിക്കാത്തതാണ് മറ്റൊരു പ്രധാന വിഷയം. നിലവിൽ ബസ്സ് റൂട്ടുള്ള സ്ഥലമാണിത്. സാധാരണ 1 കിലോമീറ്റർ ഇടവിട്ടെങ്കിലും അടിപ്പാത വേണം. വടക്ക് അണ്ടത്തോട്- ന് ശേഷം 2.5 കിലോമീറ്റർ കഴിഞ്ഞാണ് പ്രൊപ്പോസ്ഡ് അടിപ്പാത. കിഴക്കൻ

പ്രദേശത്തെ ഏക സർക്കാർ യു.പി.സ്കൂളിൽ എത്തണമെങ്കിൽ കുട്ടികൾക്ക് 2 കിലോമീറ്റർ യുടേൺ ആയി സഞ്ചരിക്കണം. മന്ദലാംകുന്ന് മസ്ജിദിന്റെ കബർ സ്ഥാനിലേക്ക് ജനാസ അടക്കം ചെയ്യുന്നതിനും വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. പടിഞ്ഞാറൻ പ്രദേശത്തെ ജനങ്ങൾക്ക് പഞ്ചായത്ത് ഓഫീസ്, പോലീസ് സ്റ്റേഷൻ, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലേക്ക് എത്തുന്നതിനും പ്രയാസം സൃഷ്ടിക്കും. ഇക്കാര്യത്തിൽ ഒരു ഇൻഡിപ്പെന്റന്റ് എഞ്ചിനീയർ L. N. Malvya -ക്ക് ഇതുസംബന്ധിച്ച് പരിശോധിക്കാൻ നിർദ്ദേശം നല്കിയതായി അറിയാൻ കഴിഞ്ഞു. പ്രസ്തുത വിഷയത്തിന്മേൽ അടിയന്തരപരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ബഹുമാനപ്പെട്ട ശ്രീ. എൻ. കെ. അക്ബർ ഇവിടെ ഉന്നയിച്ചത് കേന്ദ്രസർക്കാരിനുകീഴിലുള്ള National Highways Authority of India (NHAI)-യുമായി ബന്ധപ്പെട്ട വിഷയമാണ്. ചാവക്കാട് - മുല്ലത്തറ ഭാഗത്തും മന്ദലാംകുന്ന് ജംഗ്ഷനിലും അടിപ്പാത നിർമ്മിക്കുന്നത് സംബന്ധിച്ചാണ് അദ്ദേഹം ഇവിടെ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ അവശ്യപ്രകാരം NHAI-യുമായി ബന്ധപ്പെട്ടിരുന്നു.

ദേശീയപാതാ -66 -ന്റെ വികസനത്തിന്റെ ഭാഗമായി മുല്ലത്തറ ജംഗ്ഷനിൽ, 25 m span, 5.5 height -ൽ ഒരു Vehicular Underpass (VUP) നിർമ്മിക്കുമെന്ന് NHAI അറിയിച്ചിട്ടുണ്ട്. മന്ദലാംകുന്ന് ജംഗ്ഷനിലെ വെഹിക്കുലാർ അണ്ടർപാസ് നിർമ്മിക്കുന്നതിനെക്കുറിച്ച് ഇൻഡിപെന്റന്റ് എഞ്ചിനീയറോട് NHAI റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ മന്ദലാംകുന്ന് ജംഗ്ഷനിൽ അണ്ടർപാസ് നിർദ്ദേശം നിലനില്ക്കുന്നുണ്ട്. എന്നിരുന്നാലും മന്ദലാംകുന്ന് ജംഗ്ഷനിലൂടെ ഒരു വെഹിക്കുലാർ അണ്ടർപാസിന്റെ സാധ്യത NHAI പരിശോധിക്കുന്നുണ്ട്. റിപ്പോർട്ട് ലഭ്യമായശേഷം സാങ്കേതികമായ പ്രായോഗികത ഉൾപ്പെടെ കണക്കിലെടുത്ത് അണ്ടർപാസിന്റെ നിർമ്മാണം പരിഗണിക്കുന്നതാണെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്.

11. <u>കൊണ്ടോട്ടി - മേലങ്ങാടി എയർപോർട്ട് റോഡ് നവീകരണം</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള എല്ലാ റോഡുകളും ശരിയാക്കണമെന്നതാണ് എന്റെ സബ്മിഷൻ. ആദ്യമായി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു.. അദ്ദേഹത്തിന്റെ ഇടപെടൽ കാരണം രാമനാട്ടുകര ബൈപ്പാസിൽ നിന്ന് കാലിക്കറ്റ് എയർപോർട്ടിലേക്കുള്ള റോഡ് വീതി കൂട്ടി

നവീകരിക്കുന്നതിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ സ്റ്റഡി പൂർത്തിയായിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. ശബരിമലയുമായി ബന്ധപ്പെട്ട റോഡുകളെല്ലാം നല്ല രീതിയിൽ സഞ്ചാരയോഗ്യമാക്കിയതുസംബന്ധിച്ച് വിശ്വാസികൾ വളരെ നല്ല രീതിയിലുള്ള അഭിപ്രായങ്ങളാണ് സൂചിപ്പിക്കുന്നത്. ഹജ്ജ് ഹൗസ് നിലവിലുള്ള സ്ഥലമാണ് കാലിക്കറ്റ് ഇന്റർനാഷണൽ എയർപോർട്ട്. പഞ്ചായത്ത്, മുൻസിപ്പാലിറ്റി റോഡുകളെന്ന് തരം തിരിക്കാതെ അവിടേയ്ക്കുള്ള എല്ലാ റോഡുകളും സഞ്ചാരയോഗ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുൾപ്പെടെ മലപ്പുറത്തുകൂടിയ ഡി.എ.സി. മീറ്റിംഗിൽ പങ്കെടുക്കുകയുണ്ടായി. ബെംഗളൂരു എയർപോർട്ടിലേക്ക് പോകുന്ന റോഡുകൾ നവീകരിച്ചതുപോലെയുള്ള നവീകരണം നടത്തണമെന്നും കമാനമുൾപ്പെടെ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും പ്രസ്തുത വിഷയത്തെ സംബന്ധിച്ച് അദ്ദേഹം ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിരുന്നു. എസ്റ്റിമേറ്റും പ്ലാനും ഉൾപ്പെടെ ഉദ്യോഗസ്ഥർ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും വ്യക്തമായൊരു തീരുമാനം ഇക്കാര്യത്തിലുണ്ടായിട്ടില്ല. കുളത്തൂരിൽ നിന്ന് എയർപോർട്ടിലേക്ക് 2 കിലോമീറ്റർ മാത്രമേയുള്ളൂ. പ്രസ്തുത റോഡ് നവീകരിച്ച് മനോഹരമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാ യാത്രക്കാരും കൂടുതലായി ഉപയോഗിക്കുന്ന റോഡുകളിലൊന്നാണ് കൊണ്ടോട്ടി - മേലങ്ങാടിയിൽ നിന്ന് എയർപോർട്ടിലേക്കുള്ള റോഡ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എല്ലാ ഹജ്ജ് വേളകളിലും പഞ്ചായത്ത്, മുൻസിപ്പാലിറ്റി റോഡുകളുൾപ്പെടെ വലുതും ചെറുതുമായ എല്ലാ റോഡുകളും നവീകരിച്ചിരുന്നു. മേൽ സൂചിപ്പിച്ച റോഡുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള റോഡുകളുടെ വികസനത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട ശ്രീ. ടി. വി. ഇബ്രാഹിം സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. 2021 മേയ് 20 - ാം തീയതി അധികാരത്തിൽ വന്നതിനുശേഷം അടിയന്തരപ്രാധാന്യത്തോടുകൂടിയാണ് ഈ വിഷയത്തെ സർക്കാർ സമീപിച്ചത്. ഇക്കാര്യത്തിൽ ചില ഇടപെടലുകളും സർക്കാർ നടത്തിയിട്ടുണ്ട്. കോഴിക്കോട് രാമനാട്ടുകര മുതൽ കുളത്തൂർ വരെയുള്ള റോഡിൽ നിന്ന് എയർപോർട്ടിലേയ്ക്കെത്താൻ വളരെയധികം ബുദ്ധിമുട്ടാണ്. ചുരുങ്ങിയ

കിലോമീറ്ററുകൾ മാത്രമേയുള്ളൂ എങ്കിലും റോഡ് വീതിയില്ലാത്തതുകാരണം ഒരുപാട് സമയമെടുക്കുന്നു. അത് ദേശീയപാതയാണ്. രാമനാട്ടുകര - എയർപോർട്ട് റോഡിന്റെ കരട് അലൈൻമെന്റും കരട് രൂപരേഖയും തയ്യാറാക്കി. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 19-02-2022 -ൽ പുറപ്പെടുവിച്ച ഉത്തരവിലൂടെ 33,70,000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി മുമ്പ് പലരും ചെയ്യേണ്ടതായിരുന്നു. ആരും ചെയ്തിട്ടില്ല. ഇന്ന് എൽ.ഡി.എഫ്. സർക്കാർ ചെയ്യുന്ന സ്ഥിതിയിലേക്ക് കാര്യങ്ങളെത്തി. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ 30-09-2022-ന് പൂർത്തീകരിച്ചു. കരട് അലൈൻമെന്റ് രൂപകല്പന ചെയ്തു. 07-11-2022-ന് ദേശീയ പാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് ഫീസിബിലിറ്റി റിപ്പോട്ടിനുവേണ്ടി കൈമാറിയിട്ടുണ്ട്. കോഴിക്കോട് സിറ്റി മാസ്റ്റർ പ്ലാൻ അനുസരിച്ച് 30 മീറ്റർ വീതിയിലും 65 km/hr സ്പീഡിലുമാണ് കരട് അലൈൻമെന്റ് രൂപകല്പന ചെയ്തിട്ടുള്ളത്. വിമാനത്താവളത്തിലെത്തുന്ന ഏതൊരാളെയും ആകർഷിക്കുന്ന തരത്തിൽ റോഡ് ഡിസൈൻ ചെയ്തുനിർമ്മിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് സഭയെ അറിയിക്കുന്നു. കുളത്തൂർ ജംഗ്ഷൻ മുതൽ കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളം വരെയുള്ള പാത ജനകീയ പങ്കാളിത്തത്തോടുകൂടി

സൗന്ദര്യവല്ക്കരിക്കാൻ ആലോചിക്കുന്നു.

നമ്മുടെ സംസ്ഥാനത്ത് നാല് എയർപോർട്ടുകളുണ്ട്. എയർപോർട്ടുകളിലേയ്ക്കുള്ള റോഡുകൾ സൗന്ദര്യവല്ക്കരിക്കുകയെന്നത് പ്രധാനമാണ്. തിരുവനന്തപുരം എയർപോർട്ട് റോഡ് പരിശോധിക്കുകയാണെങ്കിൽ,കേന്ദ്രസർക്കാർ സ്ഥാപനത്തിനോടടുത്തുള്ള കുറച്ച് സ്ഥലം കാടുപിടിച്ചുകിടക്കുകയാണ്. അതൊക്കെ വെട്ടിത്തെളിച്ച് നല്ല രീതിയിൽ സൗന്ദര്യവല്ക്കരിച്ച് പൂച്ചെടികൾ നട്ടുപിടിപ്പിച്ച് മനോഹരമായ റോഡാക്കി മാറ്റാനുദ്ദേശിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് സൂചിപ്പിക്കുകയാണെങ്കിലും എയർപോർട്ടിലേക്കുള്ള റോഡുകൾക്ക് അത്തരത്തിൽ പ്രാധാന്യം നല്കി മുന്നോട്ടുപോകാം.

പഞ്ചായത്ത് റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ഇപ്പോൾ പരാമർക്കാൻ കഴിയില്ല. ഒരുപാട് എം.എൽ.എ.-മാർ അക്കാര്യം സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഇടതുപക്ഷ സർക്കാർ, ഹജ്ജുമായി ബന്ധപ്പെട്ട് വളരെ നല്ല നിലയിൽ പ്രവൃത്തികൾ നിറവേറ്റിയ സർക്കാരാണെന്നത് രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. തുടർന്നും അതേ രീതിയിൽ തന്നെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകും.

12.കല്ല്യാശ്ശേരി - എടാട്ട് ജംഗ്ഷനുകളിലെ അണ്ടർപാസേജ് നിർമ്മാണം

ശ്രീ. എം. വിജിൻ: സർ, ഒരിക്കലും യഥാർത്ഥ്യമാകില്ലെന്ന് കരുതിയ ദേശീയ പാത വികസനം നടപ്പിലാക്കിയ ശ്രീ. പിണറായി സർക്കാരിനെ അഭിനന്ദിക്കുന്നു. NH -66 -ന്റെ പ്രവൃത്തി നല്ല നിലയിൽ പുരോഗമിക്കുകയാണ്. എന്റെ മണ്ഡലത്തിലെ കല്ല്യാശ്ശേരിയിലാണ് ആ പ്രദേശത്തെ ടോൾ ബൂത്ത് വരുന്നതെന്നാണ് നിലവിൽ അറിയാൻ കഴിഞ്ഞത്. ടോൾ ബൂത്ത് വരുന്നതോടുകൂടി കല്ല്യാശ്ശേരിയിൽ നിലവിലുണ്ടായിരുന്ന ഹൈവേയിൽ നിന്ന് 5 കിലോമീറ്ററലധികം താഴ്ചയിലേക്ക് റോഡ് മാറുകയും അതുമൂലം അവിടത്തെ ജനങ്ങൾ ഉയരങ്ങളിലേക്ക് വരികയും പത്തിലധികം പഞ്ചായത്ത് റോഡുകൾക്ക് ഹൈവേയുമായുള്ള കണക്ഷൻ നഷ്ടപ്പെടുന്ന ഒരു സാഹചര്യമുണ്ടാകുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കല്ല്യാശ്ശേരിയിൽ പൂർണ്ണമായും രണ്ട് ഭാഗമായി വലിയ നിലയിൽ ഉയർച്ചയിലേക്ക് പോകുന്ന സാഹചര്യമുണ്ട്. അവിടെയൊരു അണ്ടർ പാസ് വേണമെന്ന ആവശ്യം  ജനങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നു. അത് യാഥാർത്ഥ്യമാക്കുന്നതിന് അങ്ങയുടെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണമെന്ന അഭ്യർത്ഥന ഈ സബ്മിഷന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുകയാണ്. അതോടൊപ്പം അവിടെയുള്ള ടോൾ ബൂത്ത് തൊട്ടപ്പുറത്തെ വയലിലേക്ക് മാറ്റി സ്ഥാപിക്കാൻ

സൗകര്യമുണ്ട്. അവിടേയ്ക്ക് മാറ്റിസ്ഥാപിച്ചുകൊണ്ട് കല്ല്യാശ്ശേരിയിലെ പ്രശ്നങ്ങൾ അകറ്റാനും കഴിയണം. എടാട്ട് ദേശീയ പാതയിൽ പയ്യന്നൂർ കോളേജ്, യൂണിവേഴ്സിറ്റി സെന്റർ ഉൾപ്പെടെ നാലായിരത്തിലധികം കുട്ടികൾ പഠിക്കുന്ന ഒരു കേന്ദ്രമെന്ന നിലയിൽ നേരത്തെ അവിടെയൊരു അണ്ടർപാസ് അനുവദിച്ചതായിരുന്നു. എന്നാൽ അതിൽ നിന്ന് പിന്മാറുന്ന സാഹചര്യമുണ്ടായി. പിലാത്ത്ര ഏറ്റവും പ്രധാനപ്പെട്ട ടൗണാണ്. അവിടെ ഫ്ലൈ ഓവർ എന്ന ആവശ്യവും നേരത്തെ ഉയർന്നതാണ്. അത്തരത്തിലും ഒരു പ്രശ്നം നിലനില്ക്കുന്നുണ്ട്.

ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ ഞാൻ ഈ ഘട്ടത്തിൽ ഒരിക്കൽ കൂടി അഭിനന്ദിക്കുകയാണ്. നേരത്തെ ഒരുപാട് പ്രശ്നങ്ങളുണ്ടായിരുന്നു. അദ്ദേഹം നേരിട്ടെത്തി ജനങ്ങളുമായി വിഷയങ്ങൾ ചോദിച്ച് മനസ്സിലാക്കുകയും ഉദ്യോഗസ്ഥന്മാരുൾപ്പെടെ പരിശോധന നടത്തിയതിന്റെ ഭാഗമായി വലിയ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. നിലനില്ക്കുന്ന 3 പ്രശ്നങ്ങളായ കല്ല്യാശ്ശേരിയിലെ അണ്ടർപാസ്, എടാട്ട് അണ്ടർപാസ്, പിലാത്ത്രയിലെ ഫ്ലൈ ഓവർ തുടങ്ങിയവയിൽ അങ്ങയുടെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണം. സംസ്ഥാന സർക്കാരിന് പരിമിതികളുണ്ടെന്നറിയാം. ആ പരിമിതിയിൽ

നിന്നുകൊണ്ടുള്ള ഇടപെടൽ ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട ശ്രീ. എം. വിജിൻ ഉന്നയിച്ചിട്ടുള്ളത് എൻ.എച്ച്.എ.ഐ-യുമായി ബന്ധപ്പെട്ട വിഷയമാണ്. കേന്ദ്ര സർക്കാരിനുകീഴിലുള്ള പ്രസ്തുത വിഷയം ദേശിയ പാത 66 -ന്റെ വികസനവുമായി ബന്ധപ്പെട്ടതാണ്. എം.എൽ.എ.-മാർക്കും ജനങ്ങൾക്കും ഇതുമായി ബന്ധപ്പെട്ട് പല പരാതികളും പ്രശ്നങ്ങളുമുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനം സംസ്ഥാന സർക്കാരിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് നടത്തുന്നു. അതിൽ പൊതുമരാമത്ത് വകുപ്പും ഇടപെടുന്നുണ്ട്. ജില്ലയിലാകെ സഞ്ചരിച്ച് ആ ജില്ലയിലെ ഓരോ കേന്ദ്രങ്ങളിലെയും പരാതികൾ എന്തെന്ന് മനസ്സിലാക്കി, എല്ലാ ജനപ്രതിനിധികളും ഞങ്ങളും ഒന്നിച്ചിരുന്ന് ചർച്ച ചെയ്യേണ്ട സ്ഥിതിയാണുണ്ടായത്. അത് കണ്ണൂർ ജില്ലയിലും അങ്ങനെതന്നെയാണ്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ ചർച്ച കഴിഞ്ഞു. ഇനി അഞ്ച് ജില്ലകളിലാണ് ബാക്കിയുള്ളത്. എടാട്ട് ജംഗ്ഷനിൽ അണ്ടർ പാസേജ് നിർമ്മിക്കണമെന്നാണ് ഇതിലൊരു ആവശ്യം. ഒരു ലൈറ്റ് വെഹിക്കുലാർ അണ്ടർപ്പാസ് നിർമ്മിക്കുന്നതിന് ചെയിഞ്ച് ഓഫ്

സ്കോപ്പിലുൾപ്പെടുത്തി അനുമതി തേടിയിട്ടുണ്ടെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്. അക്കാര്യം ഞാനിവിടെ പറയാൻ ആഗ്രഹിക്കുകയാണ്. കല്യാശ്ശേരി ജംഗ്ഷനിൽ അടിപ്പാത നിർമ്മാണത്തിലെ പ്രായോഗിക പ്രയാസങ്ങൾ അവർ അറിയിച്ചിട്ടുണ്ട്. എന്നാലും, അതിൽ ചെയിനേജ് 138870-ലും 140960-ലും അടിപ്പാത നിർമ്മിക്കാൻ ചെയിഞ്ച് ഓഫ് സ്കോപ്പിലുൾപ്പെടുത്തി അനുമതി തേടിയിട്ടുണ്ടെന്നും 138870-ന് തത്വത്തിൽ അനുമതി ലഭിച്ചിട്ടുണ്ടെന്നും ദേശീയപാത അതോറിറ്റി അറിയിച്ച വിവരം ഇവിടെ സഭയിൽ ഞാൻ അറിയിക്കുകയാണ്. ഈ പ്രവൃത്തി പുരോഗമിച്ച സാഹചര്യത്തിൽ ടോൾപ്ലാസ മാറ്റി സ്ഥാപിക്കുന്നതിന് കുറച്ച് പ്രയാസങ്ങളുണ്ടെന്ന് അവർ പറഞ്ഞ വിവരവും ഇവിടെ അറിയിക്കുകയാണ്.

## 13. റോഡ് പുനരുദ്ധാരണം

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കോമങ്കേരിച്ചിറ അംബേദ്ക്കർ കോളനി ദേശീയ റോഡ് പൂർണ്ണമായും തകർന്ന് സഞ്ചാര യോഗ്യമല്ലാതായിട്ട് വർഷങ്ങളായി. കുട്ടനാടിന്റെ പാടശേഖരങ്ങളിൽക്കൂടി കടന്നുപോകുന്നൊരു പ്രധാനപ്പെട്ട റോഡാണിത്. ഈ റോഡിന്റെ മറ്റൊരു പ്രത്യേകതയെന്നത്, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളെ ബന്ധിപ്പിക്കുന്നുവെന്നതാണ്. 2017-18 സാമ്പത്തിക വർഷത്തെ

ബഡ്ജറ്റ് ഫണ്ടിലുൾപ്പെടുത്തി ഗവൺമെന്റ് ഇതിന് ഫണ്ട് അനുവദിച്ചു. പക്ഷേ, കരാറുകാരൻ യാതൊരു പ്രവൃത്തിയും ചെയ്യാത്തതിനാൽ ടിയാളെ നഷ്ടോത്തരവാദ പ്രവൃത്തിയിൽനിന്നും ഒഴിവാക്കുകയും ചെയ്തു. 2018-ലുണ്ടായ പ്രളയത്തിലും തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിലും ഈ റോഡിന്റെ സഞ്ചാരയോഗ്യമായ ഭാഗം പൂർണ്ണമായും തകർന്നു. ഈ അവസരത്തിൽ ഭരണാനുമതി ലഭിച്ചതും ഇപ്പോൾ തകർന്നുകിടക്കുന്നതുമായ ഭാഗമുൾപ്പെടുത്തി പുതിയതായി റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഉജ്ജ്വലക്ഷമതയോടെയുള്ള പ്രൊവിഷനുകൾ കൂടാതെ കാരാറുകാരൻ സമയബന്ധിതമായി പൂർത്തീകരിക്കാത്തതുമൂലമുണ്ടായ തകരാറുകൾകൂടി ഉൾപ്പെടുത്തി മാറിയ ഷെഡ്യൂൾ അനുസരിച്ചുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിക്കണം. കോമങ്കേരിച്ചിറ അംബേദ്ക്കർ കോളനി റോഡിന്റെ പുനരുദ്ധാരണത്തിന് പ്രവർത്തനാനുമതി നൽകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട ജോബ് മൈക്കിൾ ഇവിടെ ഉന്നയിച്ചത് നാല് കൊല്ലംമുമ്പ് ഭരണാനുമതി കിട്ടിയ ഒരു റോഡുമായി ബന്ധപ്പെട്ട പ്രശ്നമാണ്. 6-6-2018-ലായിരുന്നു പ്രസ്തുത റോഡ്

നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചത്. 4-10-2018-ൽ സാങ്കേതികാനുമതിയും ലഭിച്ചു. ആ പ്രവൃത്തിയാണ് കരാറുകാരുടെ അനാസ്ഥമൂലം കർക്കശ നിലപാടുകൾ സ്വീകരിക്കേണ്ട അനിവാര്യത ഇതുമായി ബന്ധപ്പെട്ട് വന്നിരിക്കുന്നത്. ഈ ഗവൺമെന്റ് ഭരണത്തിൽ വന്നതിനുശേഷം 26-8-2022-ൽ കുറെ ശ്രമങ്ങൾ നടത്തിയെങ്കിലും അവസാനം ഒന്നും നടന്നില്ല. തുടർന്ന് റിസ്ക് ആൻഡ് കോസ്റ്റിൽ ആ കരാറുകാരനെ ടെർമിനേറ്റ് ചെയ്തു. അദ്ദേഹം കൃത്യസമയത്ത് പ്രവൃത്തി നടത്താത്തതിന്റെ ഭാഗമായി സംഗതി ആകെ വഷളാകുന്ന സ്ഥിതിയാണുണ്ടായത്. 3.8 കിലോമീറ്റർ വരുന്ന മുഴുവൻ ഭാഗത്തും ഇപ്പോൾ പ്രവൃത്തി നടത്തേണ്ട സാഹചര്യം വന്നിട്ടുണ്ട്. അതിന് കൂടുതൽ തുക ആവശ്യമായതിനാൽ അക്കാര്യം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്. പ്രവൃത്തി നടത്തുന്നതിൽ ഗുരുതരമായ അലംഭാവമുണ്ടായ സാഹചര്യത്തിൽ കരാറുകാരനെതിരെ കർശന നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. നാലു വർഷമായി. ഈ പ്രവണത തിരുത്താനുള്ള എല്ലാ ശ്രമങ്ങളുമാണ് നടത്തികൊണ്ടിരിക്കുന്നത്. ഭരണാനുമതി ലഭിച്ച് സാങ്കേതിക അനുമതി ലഭിക്കാൻ മാസങ്ങളുടെ കാലതാമസമെടുക്കുന്നത് വളരെ നല്ല നിലയിൽ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. ഉദ്യോഗസ്ഥതല വീഴ്ചയും പൊതുവെ പരിശോധിക്കും. ഭരണാനുമതി നേടിയ പ്രവൃത്തികൾ, അവയുടെ

ആരംഭത്തിൽത്തന്നെ എത്തിക്കുന്നതിന് പ്രധാന പരിഗണനയാണ് നൽകുന്നത്. അത് ഇപ്പോഴത്തെ പുതിയ കണക്കുകൾ പരിശോധിച്ചാൽ കാണാൻ സാധിക്കും. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ച് ടെക്നിക്കൽ സാംഗ്ഷൻ ലഭിക്കാൻ നേരത്തെയെടുത്തിരുന്ന കാലതാമസം ഇപ്പോൾ മാറികൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിലും ഇങ്ങനെയൊരു പരിശോധന നടത്താവുന്നതാണ്.

## 14. കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി താലൂക്കിൽപ്പെടുന്ന പഞ്ചായത്തുകളും നഗരസഭകളും തീരദേശ മേഖലയിൽ അധിവസിക്കുന്ന മത്സ്യതൊഴിലാളികളുൾപ്പെടെ ആയിരങ്ങൾ ചികിത്സ തേടിയെത്തുന്ന ആശുപത്രിയാണ് കൊയിലാണ്ടി ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി. ഇവിടെ പ്രസവശുശ്രൂഷ വിഭാഗത്തിന് 'LaQshya' സ്റ്റേന്റേർഡിലുള്ള സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. എന്നാൽ, നിലവിൽ രണ്ട് ഗൈനക്കോളജിസ്റ്റ് മാത്രമാണ് അവിടെയുള്ളത്. പുതുതായി മൂന്ന് പേരെക്കൂടി നിയമിച്ചാൽ മാത്രമെ മുഴുവൻ സമയവും ഗൈനക്കോളജിസ്റ്റിന്റെ സേവനം അവിടെയുണ്ടാകുകയുള്ളൂ. ന്യൂ ബോൺ സ്റ്റെബിലൈസേഷൻ, പീഡിയാട്രിക് ഐ.സി.യു. എന്നിവ ആശുപത്രിയിൽ സജ്ജമാണ്. എന്നാൽ,

ആവശ്യത്തിന് പീഡിയാട്രിഷ്യന്മാരുടെ സേവനമില്ലാത്തതുകൊണ്ട് ഈ സംവിധാനങ്ങളൊന്നും ജനങ്ങൾക്ക് ഉപയോഗപ്രദമായി ലഭിക്കുന്നില്ലെന്നതാണ് ഇവിടെയുള്ള പ്രശ്നം. മറ്റൊന്ന്, ഡി.എം.എച്ച്.പി. പ്രോഗ്രാം മുഖേന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മെന്റൽ ഹെൽത്ത് പ്രോഗ്രാമുകളുണ്ട്. അവിടെ നിന്നുള്ള റഫറൻസ് കൈകാര്യം ചെയ്യുന്നതിന് മറ്റ് താലൂക്ക് ആശുപത്രിയിലെ സൈക്യാട്രിസ്റ്റ് ഡിപ്പാർട്ട്മെന്റ് ആവശ്യമാണ്. ഇതിനായി സൈക്യാട്രിസ്റ്റ് പോസ്റ്റ് ക്രിയേറ്റ് ചെയ്യേണ്ടതുണ്ട്. പ്രസവചികിത്സയ്ക്കായി 'ലക്ഷ്യ' പദ്ധതിയിലൂടെ ആധുനിക സംവിധാനങ്ങളാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. ഡയാലിസിസ് സെന്ററുകൾക്ക് 3 കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ചു, സി.ടി.സ്കാൻ, സെൻട്രലൈസ്ഡ് ഓക്സിജൻ പ്ലാന്റ് എന്നിങ്ങനെയുള്ള ആധുനിക സംവിധാനങ്ങളെല്ലാം ഈ ആശുപത്രിയിൽ ഒരുക്കിയിട്ടുണ്ട്. പക്ഷേ, വേണ്ടത്ര ഡോക്ടർമാരും സ്റ്റാഫുമില്ലാത്തതുകാരണം ഇക്കാര്യങ്ങളൊന്നുംതന്നെ വേണ്ടരീതിയിൽ നടത്താൻ കഴിയുന്നില്ല. എല്ലാ ഭാഗങ്ങളിൽനിന്നും ആയിരങ്ങൾ ആശ്രയിക്കുന്ന ഒരാശുപത്രിയെന്നുള്ള നിലയിൽ, ഇവിടെ ഈ സംവിധാനങ്ങളെല്ലാം വന്നാൽ കോട്ടപ്പറമ്പ്

ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ തിരക്ക് കുറയുന്ന സ്ഥിതയുണ്ടാകും. അതുകൊണ്ട് ഈ ആശുപത്രിയിലേയ്ക്ക് വേണ്ട ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിച്ച് തരണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആയിരത്തിയഞ്ഞൂറോളം ഒ.പി.-യുള്ള ആശുപത്രിയാണ് കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രി. 70 മുതൽ 100 വരെയാണ് അവിടെയുള്ള ശരാശരി ഐ.പി. ഈ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ എഴുന്നൂറോളം രോഗികൾ ദിവസേന ചികിത്സ തേടുന്നുണ്ട്. നിലവിൽ ആശുപത്രിയിൽ അനുവദിച്ച കിടക്കകളുടെ എണ്ണം 159 ആണ്. ബഹുമാന്യയായ അംഗം പറഞ്ഞതുപോലെ, 1 കോടി 98 ലക്ഷം രൂപ അനുവദിച്ചുകൊണ്ടാണ് ലക്ഷ്യ സ്റ്റാന്റേർഡ് പ്രകാരം ലേബർ റൂം സജ്ജീകരിച്ചതും പീഡിയാട്രിക് ഐ.സി.യു. സജ്ജമാക്കിയതും അതിനോടനനുബന്ധിച്ച സിവിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതും. ഏതാനും മാസങ്ങൾക്കുമുമ്പാണ് അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. നിലവിൽ പ്രസവ സംബന്ധമായ സേവനങ്ങൾക്കും നവജാത

ശിശുപരിചരണത്തിനുമായി ഗൈനക്കോളജി വിഭാഗത്തിലും ശിശുരോഗ വിഭാഗത്തിലുമായി ഓരോ കൺസൾട്ടന്റിന്റേയും ഒരോ ജൂനിയർ കൺസൾട്ടന്റിന്റേയും സേവനമുണ്ട്. ഇതുകൂടാതെ, എൻ.എച്ച്.എം. മുഖേന നിയമിച്ച ഗൈനക്കോളജിസ്റ്റിന്റെയും പീഡിയാട്രീഷ്യന്റെയും സേവനമുണ്ടായിരുന്നു. ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ, അവരുള്ളപ്പോഴും ഡെലിവറികൾ നടക്കുന്നില്ലെന്ന സാഹചര്യമുണ്ടായിരുന്നു. ഓപ്പറേഷൻ തീയേറ്ററിൽ ഒരു ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യയുടെ സേവനവും ലഭ്യമാണ്. ഇക്കാര്യം വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. എൻ.എച്ച്.എം.-ലുണ്ടായിരുന്ന രണ്ട് ഡോക്ടർമാർ വിട്ടുപോകുന്ന സാഹചര്യമുണ്ടായി. അവിടേയ്ക്ക് പുതിയ ആളുകളെ നിയോഗിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുകയാണ്. ഒന്നുരണ്ട് പേരുടെ വിമുഖത ഇതിന് കാരണമായി കാണുന്നുണ്ട്. അക്കാര്യം വളരെ ഗൗരവത്തോടെ കണ്ടുകൊണ്ടുള്ള ഇടപെടൽ നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ ഈ രണ്ട് വിഭാഗങ്ങളിലുമായി താല്ക്കാലികമായി കരാറടിസ്ഥാനത്തിലും എൻ.എച്ച്.എം. വഴിയും കൂടുതൽ ഡോക്ടർമാരെ നിയോഗിക്കാൻ കഴിയുന്നതാണ്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി

കണക്കിലെടുത്ത്, സാധാരണക്കാരായ ആളുകൾ ധാരാളമായി ആശ്രയിക്കുന്ന ആശുപത്രി എന്നരീതിയിൽ അവിടെ മറ്റ് തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

15. കേരളത്തിലെ കായികരംഗം

ശ്രീ. ലിന്റോ ജോസഫ്: സർ, കായിക മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ഈ സബ്മിഷനിലൂടെ ശ്രമിക്കുന്നത്. ലോകം മുഴുവൻ ഇന്ന് വേൾഡ് കപ്പ് ഫുട്ബോളിന്റെ ഭാഗമായി അതിന് പിന്നിൽ അണിനിരക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. കേരളത്തിന്റെ ഒരു ചെറുജില്ലയുടെ വലിപ്പമുള്ള ഒരു രാജ്യമാണിന്ന് വേൾഡ് കപ്പിന് വേദിയായിരിക്കുന്നത്. 150 കോടി ജനങ്ങളുള്ള നമ്മുടെ രാജ്യത്തുനിന്ന് 11 ആളുകളെ വേൾഡ് കപ്പ് ഫുട്ബോളിന് പറഞ്ഞയയ്ക്കാൻ നമുക്ക് സാധിച്ചില്ലെന്നത് വളരെ ഖേദകരമായ കാര്യമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ മികച്ച കായിക താരങ്ങളെ സൃഷ്ടിക്കുന്നതിൽ വലിയ പോരായ്മ നിലനിൽക്കുന്നുവെന്നത് പരമപ്രധാനമായ കാര്യമാണ്. പല ഗെയിംസ് ഇനങ്ങളിലും നമ്മൾ വളരെ

പിന്നോട്ടുപോകുന്നുവെന്നത് ശ്രദ്ധയോടുകൂടി കാണേണ്ട കാര്യമാണ്. ഇതിനെ മറികടക്കുന്നതിനുവേണ്ടി ശ്രദ്ധാപൂർവ്വമായ ഇടപെടൽ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിരവധി സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലും ഓരോ കളിസ്ഥലം കൊണ്ടുവരുന്നുണ്ട്. പക്ഷെ ഇതൊന്നും നമ്മുടെ കായിക മേഖലയിലെ വലിയ മുന്നേറ്റത്തിന് കാരണമാകുന്നില്ലെന്നത് ശ്രദ്ധയോടുകൂടി കാണേണ്ട കാര്യമാണ്. കായിക മേഖലയിലെ സംസ്കാരത്തിന് ആവശ്യമായ മാറ്റം വരുത്താതെ ഇതിന് നമുക്ക് പരിഹാരം കണ്ടെത്താൻ സാധിക്കില്ല. ലോകപ്രശസ്തമായ കായിക താരങ്ങളെ വളർത്തിയെടുക്കണമെങ്കിൽ ചെറുപ്പത്തിലെതന്നെ കുട്ടികളെ കണ്ടെത്തുകയും അവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്യണം. നിർഭാഗ്യവശാൻ നമ്മുടെ എൽ.പി./യു.പി. സ്കൂളുകളിൽ കായികാദ്ധ്യാപകരില്ല. എൽ.പി. സ്കൂൾതലത്തിൽ കായികാദ്ധ്യാപകരുണ്ടെങ്കിലെ ചെറുപ്പത്തിൽത്തന്നെ കായികവാസനയുള്ള കുട്ടികളെ കണ്ടെത്താനും ചിട്ടയായ പരിശീലനം നൽകാനും ലോകോത്തര കായികതാരങ്ങളാക്കി വളർത്തിയെടുക്കാനും സാധിക്കുകയുള്ളൂ. എൽ.പി./യു.പി./ഹയർ സെക്കണ്ടറി സ്കൂളുകളിൽ

കായികാദ്ധ്യാപകരില്ലാത്ത വലിയ പ്രതിസന്ധി ലോക കായികതാരങ്ങളെ സൃഷ്ടിച്ചെടുക്കുന്നതിൽ നമുക്കുണ്ടെന്നത് പ്രത്യേകം കാണേണ്ട കാര്യമാണ്. മറ്റൊന്ന് കായിക മേഖലയിൽ കടന്നുവന്നാൽ എന്താണ് ഗുണമെന്നൊരു ചിന്തയുണ്ടാകുകയാണ്. സ്കൗട്ട്, ലിറ്റിൽ കൈറ്റ്സ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയിൽ അംഗങ്ങളായാൽ പത്താം ക്ലാസ്സ് പരീക്ഷ പാസ്സായാൽ ഒന്നോ രണ്ടോ മാർക്ക് പരീക്ഷ ഫലത്തോട് കൂട്ടിച്ചേർത്ത് ലഭിക്കുന്ന സാഹചര്യമുണ്ട്. എന്നാൽ സബ്ജില്ല/ജില്ലാതലങ്ങളിൽ മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്കുപോലും ലഭിക്കുന്നില്ലെന്നത് വലിയ ഒരു പ്രതിസന്ധിതന്നെയാണ് കേരളത്തിലെ കായിക മേഖലയിലുണ്ടാക്കുന്നത്. കായിക സ്കൂളുകളെക്കുറിച്ച് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. കായിക സ്കൂൾ കൊണ്ടുവന്ന് ചിട്ടയായ പാഠ്യപദ്ധതി രൂപീകരിച്ച് എല്ലാ മേഖലയിലേയ്ക്കും കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിനും പ്രൊഫഷണൽ രീതിയിൽ അക്കാദമികൾ രൂപീകരിക്കുന്നതിനും അതിനെയെല്ലാം ഏകോപിപ്പിക്കുന്നതിനും കായിക സർവ്വകലാശാല കൊണ്ടുവരേണ്ടതിന്റെ ഏറ്റവും അനിവാര്യമായ ഒരു കാലഘട്ടമാണ്. തീർച്ചയായും കായിക മേഖല ഒരു കുതിപ്പിന്, കേരളം ഒരു

പുതിയ മാതൃക സൃഷ്ടിക്കാൻ ഇത് കാരണമാകുമെന്നതിന് ഒരു സംശയവുമില്ല. ഞാൻ ഉന്നയിക്കുന്ന ഒരു കാര്യം, കായിക മേഖലയിൽ ദേശീയ-അന്തർദേശീയ താരങ്ങളെ സൃഷ്ടിക്കുന്നതിനുവേണ്ടി ഒരു കർമ്മ പദ്ധതി രൂപീകരിക്കാൻ സർക്കാർ തയ്യാറാകുമോ; അത് ചിട്ടയോടുകൂടി നടപ്പിലാക്കാനാവശ്യമായ എല്ലാതരത്തിലുമുള്ള പദ്ധതിക്ക് രൂപം നൽകാൻ സംസ്ഥാന സർക്കാർ തയ്യാറാകുന്നുണ്ടോ; അതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോയെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട ലിന്റോ ജോസഫ് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സബ്മിഷനിലൂടെ അവതരിപ്പിച്ചത്. കഴിഞ്ഞ ദിവസം ലോക്സഭയിൽ മഹാരാഷ്ട്രയിൽനിന്നുള്ള ഒരു എം.പി. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര കായിക വകുപ്പുമന്ത്രിക്ക് ഒരു സബ്മിഷൻ നൽകിയിട്ടുണ്ടായിരുന്നു. അതിന്റെ പ്രക്ഷേപണം ടി.വി.-യിലുണ്ടായിരുന്നു. ഇന്ത്യയെ സംബന്ധിച്ച ഇതുപോലൊരു ചോദ്യമായിരുന്നു അത്. കേരളത്തെ സംബന്ധിച്ചിടത്തോളം കായികരംഗത്തെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി ദേശീയ-അന്തർദേശീയതലത്തിൽ കായിക മത്സരങ്ങളിൽ

സംസ്ഥാനത്തിന്റെ സ്ഥാനം ഉയർത്തുകയാണ് നമ്മുടെ ലക്ഷ്യം. ഇതോടൊപ്പം ജനകീയ പങ്കാളിത്തത്തോടെ പുതിയൊരു കായിക സംസ്കാരം വളർത്തിയെടുക്കാനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. കായികരംഗത്തെ അടിസ്ഥാന സൗകര്യവികസനത്തിന് 14 ജില്ലാ സ്റ്റേഡിയങ്ങൾ, സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ ടർഫ്, ഇൻഡോർ കോർട്ടുകൾ എന്നിവയടങ്ങുന്ന 44 സ്റ്റേഡിയങ്ങളുൾപ്പെടെ 1,100 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി സഹായത്തോടെ നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ 12 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ഇതിനുപുറമേ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് 309 കോടി രൂപയുടെ അടങ്കൽ വരുന്ന 220 പശ്ചാത്തല സൗകര്യ വികസന പദ്ധതികളും ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ കായിക സംസ്കാരം വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ കായികക്ഷമത മിഷനെന്ന മഹത്തായ ദൗത്യം ആരംഭിച്ചിരിക്കുകയാണ്. മുഴുവൻ ജനങ്ങളെയും കായിക-ശാരീരികക്ഷമതാ പ്രവർത്തനങ്ങളിലേയ്ക്ക് ആകർഷകമാക്കുന്നതിലൂടെ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുകയാണ് ലക്ഷ്യം. മുഴുവൻ ജനങ്ങൾക്കും കായിക സാക്ഷരത

ലഭ്യമാക്കാനുള്ള നടപടികൾ ഇതിന്റെ ഭാഗമായി നടപ്പാക്കുന്നുണ്ട്. കമ്മ്യൂണിറ്റി സ്പോർട്സിന്റെ വികസനത്തിനായി 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി' ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കളിക്കളങ്ങൾ ഉൾപ്പെടുത്തി പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ, കുന്നംകുളം സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കായിക രംഗത്ത് മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകിവരുന്നു. അതോടൊപ്പംതന്നെ ഈ വിദ്യാലയങ്ങളിൽ പ്രത്യേക സിലബസ് ഏർപ്പെടുത്തുന്ന കാര്യങ്ങളും ഇപ്പോൾ തീരുമാനമായിട്ടുണ്ട്. കായിക വകുപ്പിന് കീഴിലുള്ള ഷൂട്ടിംഗ് അക്കാദമിയിൽ 150 പേർക്ക് പരിശീലനം നൽകിവരുന്നുണ്ട്. രണ്ട് ദേശീയ മത്സരങ്ങളും ഒരു ദക്ഷിണ മേഖല ചാമ്പ്യൻഷിപ്പും ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽത്തന്നെ സംഘടിപ്പിക്കപ്പെട്ടു. കൂടാതെ ആയോധനകലകൾക്കും തദ്ദേശീയ കായികയിനങ്ങൾക്കും വകുപ്പ് പ്രോത്സാഹനം നൽകിവരുന്നുണ്ട്. കണ്ണൂരിലെ മട്ടന്നൂരിൽ അന്താരാഷ്ട്ര യോഗ അക്കാദമി സ്ഥാപിക്കുന്നതിന്റെ ഭാഗമായി സ്ഥലമെടുപ്പ് നടപടി ഇപ്പോൾ

പുരോഗമിച്ചുവരികയാണ്. ഫുട്ബോൾ, ബോക്സിംഗ്, ജൂഡോ തുടങ്ങിയവയിൽ നിരവധി പരിശീലന പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരികയാണ്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ എലൈറ്റ് സ്കീം, സ്കൂൾ-കോളേജ്- ജില്ലാ സ്പോർട്സ് അക്കാദമികൾ, അബ്ദുൾകലാം സ്കോളർഷിപ്പ്, ക്യാഷ് അവാർഡ്, വനിത ഫുട്ബോൾ അക്കാദമി എന്നീ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കേരള സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ നിരവധി പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. കായികയിനങ്ങളെ സമഗ്രമായി നിർവ്വചിക്കാൻ പുതിയ കായികനയം വിഭാവനം ചെയ്യുന്നുണ്ട്. എല്ലാവർക്കും സ്പോർട്സ് എന്ന ലക്ഷ്യത്തോടുകൂടിയാണ് അത് ആരംഭിച്ചിട്ടുള്ളത്. കാലിക്കറ്റ് സർവ്വകലാശാലയുമായി ചേർന്ന് സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് നാല് കോടി രൂപ കായിക വകുപ്പ് ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ കായികരംഗം ശക്തിപ്പെടുത്താനുള്ള നടപടികൾ തന്നെയാണ് സ്വീകരിച്ചുവരുന്നത്. ഇനിയും കൂടുതൽ നടപടികളിലേയ്ക്ക് പോകാൻ തന്നെയാണ് കായിക വകുപ്പ് ഉദ്ദേശിക്കുന്നത്.

16. <u>വഖഫ് ഭൂമി കയ്യേറ്റം</u>

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, 1950-ൽ മതപരവും വിദ്യാഭ്യാസപരവുമായ ആവശ്യങ്ങൾക്കായി എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ വില്ലേജുകളിൽ സ്ഥിതിചെയ്യുന്ന 404.76 ഏക്കർ സ്ഥലം കോഴിക്കോട് ഫറൂക്ക് കോളേജിനുവേണ്ടി മുഹമ്മദ് സിദ്ദിഖ് സേട്ട് വഖഫ് ചെയ്തിട്ടുള്ളതാണ്. 2115/1950 നമ്പർ വഖഫ് ആധാര പ്രകാരം ഇത് വഖഫ് ഭൂമിയാണെന്ന് ഇടപ്പള്ളി രജിസ്ട്രാർ ഓഫീസിൽ രേഖകളുണ്ട്. 2009-ൽ എൽ.ഡി.എഫ്. സർക്കാർതന്നെ നിയോഗിച്ച റിട്ടയേർഡ് ജഡ്ജി ശ്രീ. എം. എ. നിസാർ ചെയർമാനും അഡ്വക്കേറ്റ് അബൂബക്കർ ചെങ്ങാട് സെക്രട്ടറിയുമായ വഖഫ് എൻക്വയറി കമ്മീഷന്റെ 26-06-2009-ലെ പതിനഞ്ചാമത് റിപ്പോർട്ട് പ്രകാരം അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് വഖഫ് റൂൾ അനുസരിച്ച് നടപടിയെടുക്കാൻ ശിപാർശ ചെയ്തിട്ടുള്ളതാണ്. ഈ ഭൂമിയിന്മേൽ നടന്നുവരുന്ന വ്യവഹാരങ്ങൾ നിയമവിരുദ്ധമാണ്. വഖഫ് ഭൂമി ക്രയവിക്രയം ചെയ്യാൻ പാടില്ലെന്നിരിക്കേ ഈ ഭൂമി അനധികൃത കുടിയേറ്റക്കാർക്ക് പതിച്ചുനൽകുന്ന നടപടികളാണ് ഗവൺമെന്റ് ചെയ്തുവരുന്നത്. 20-05-2019-

ലെ സംസ്ഥാന വഖഫ് ബോർഡിന്റെ നടപടിക്രമങ്ങൾ ഇ.പി.655/2008 പ്രകാരം പ്രസ്തുത ഭൂമി ഫറൂക്ക് കോളേജ് സംസ്ഥാന വഖഫ് ബോർഡിന് രജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെടുകയും അത് ചെയ്യാത്ത പക്ഷം സ്വമേധയാ ഈ ഭൂമി രജിസ്റ്റർ ചെയ്യാനും ഈ ഉത്തരവിൽ ആവശ്യപ്പെടുന്നുണ്ട്. ഇത് വഖഫ് ഭൂമിയായതിനാൽ മുത്തവല്ലിക്കാണ് നികുതി നൽകുവാനുള്ള ഉത്തരവാദിത്വമുള്ളത്. ഈ ഭൂമിക്ക് മുത്തവല്ലിയിൽനിന്ന് ആധാര പ്രകാരമുള്ള നികുതി സ്വീകരിച്ചതിന് രേഖയുമുണ്ട്. എന്നാൽ 20-07-2022-ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്സ് പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം കയ്യേറ്റക്കാർക്ക് നികുതി അടയ്ക്കാൻ അനുവാദം നൽകിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയും ഈ യോഗത്തിൽ പങ്കെടുത്തതായി രേഖകളുണ്ട്. ഇത് നിയമലംഘനമാണ്. വഖഫ് ആക്ടിന്റെ 54 സൂചന പ്രകാരം എക്സിക്യൂട്ടീവ് ഓഫീസർ നോട്ടീസ് നൽകി കയ്യേറ്റക്കാരെ ട്രിബ്യൂണലിൽ വിളിച്ചുവരുത്തി വളരെ വേഗം ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കാനാകും. ഈ ഭൂമി തിരിച്ചുപിടിക്കാൻ കാലതാമസമുണ്ടാകുന്നത്

മറികടക്കാനാണ് കയ്യേറ്റക്കാർക്ക് നികുതി അടയ്ക്കാൻ അനുവാദം നൽകിയതെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി 08-12-2022-ലെ നിയമസഭാ ചോദ്യത്തിന് ഉത്തരമായി ഇവിടെ നൽകിയിട്ടുണ്ട്. 2019-ലെ കേരള വഖഫ് ചട്ടത്തിലെ ചട്ടം 79 പ്രകാരമുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരുന്നുവെന്നും പ്രസ്തുത വഖഫിന്റെ വസ്തുക്കൾ അനധികൃത കൈമാറ്റത്തിലൂടെ കൈവശം വയ്ക്കുന്നവരിൽനിന്ന് നികുതി സ്വീകരിക്കുകയോ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുകയോ പോക്കുവരവ് നടത്തി നൽകുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്യരുതെന്ന് നിർദ്ദേശിച്ച് ബന്ധപ്പെട്ട തഹസീൽദാർക്കും വില്ലേജ് ഓഫീസർമാർക്കും വഖഫ് ബോർഡ് നിർദ്ദേശം നൽകിയിരുന്നുവെന്ന് അങ്ങയുടെ ഉത്തരത്തിൽത്തന്നെ പറയുന്നുണ്ട്. അങ്ങയുടെ ഉത്തരത്തിലോ അതിനുമുമ്പ് ഇതിനെ സംബന്ധിച്ച് ചേർന്ന 20-07-2022-ലെ യോഗത്തിലോ എവിടെയും കോടതി വിധിയെപ്പറ്റി പരാമർശിക്കുന്നില്ല. ഇന്ന് അങ്ങ് പറയാൻ പോകുന്നത് കോടതി വിധിയുണ്ടെന്നാണ്. അങ്ങ് പരിശോധിക്കണം. നിലവിൽ നികുതി അടയ്ക്കുന്നവർ അത് തുടരാനാണ് ആ കോടതി വിധിയിൽ പറയുന്നത്. നികുതി അടയ്ക്കുന്നത് മുത്തവല്ലിയാണ്, ഫറൂക്ക് കോളേജാണ്. അത്

തുടരാനാണ് കോടതി വിധി പറയുന്നത്. കോടതി വിധി എതിരാണെങ്കിൽ അതിനെതിരായി ഗവൺമെന്റോ വഖഫ് ബോർഡോ അപ്പീൽ പോയിട്ടുണ്ടോയെന്ന് അങ്ങ് പറയണം. ഞാൻ അങ്ങയോട് പറയുന്നത് അങ്ങ് ഈ ചതിക്കുഴിയിൽ കുടുങ്ങരുതെന്നാണ്. വളരെ അപകടകരമായ സ്ഥിതിയാണ്. വഖഫ് ബോർഡിന്റെ ഭൂമി ഒരിക്കലും അന്യാധീനപ്പെട്ട് പോകാൻ പാടില്ല. അത് കേന്ദ്ര വഖഫ് നിയമം അനുസരിച്ചുള്ളതാണ്. ഒരു സെന്റ് ഭൂമി പോലും നഷ്ടപ്പെടാതിരിക്കാനുള്ള ജാഗ്രതയും താല്പര്യവും അങ്ങ് കാണിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കേരളത്തിലെ വഖഫ് ഭൂമികളുമായി ബന്ധപ്പെട്ട് ഒരു ഭൂമിയും അന്യാധീനപ്പെടാൻ പാടില്ലെന്നാണ് സർക്കാരിന്റെ നിലപാട്. കഴിഞ്ഞ കുറേ മാസങ്ങളായി കേരളത്തിലെ ജനങ്ങൾക്കും അത് ബോദ്ധ്യപ്പെട്ടതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന പ്രശ്നമില്ല. എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന 404.76

ഏക്കർ സ്ഥലം കൊച്ചി പഴയന്നൂർ താലൂക്ക്, മട്ടാഞ്ചേരി വില്ലേജിൽ മുഹമ്മദ് സിദ്ദിഖ് സേട്ട് എന്ന വ്യക്തി കോഴിക്കോട് ഫറൂക്ക് കോളേജിനുവേണ്ടി ഇടപ്പള്ളി സബ്‌രജിസ്ട്രാർ ഓഫീസിൽ 1950 നവംബർ മാസം 1-ാം തീയതി 2115/1950-ാം നമ്പർ വഖഫ് ആധാരപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. റിട്ടയേർഡ് ജഡ്ജ് ശ്രീ. എം. എ. നിസാർ ചെയർമാനും അഡ്വക്കേറ്റ് അബൂബക്കർ ചെങ്ങാട് സെക്രട്ടറിയുമായ വഖഫ് എൻക്വയറി കമ്മീഷന്റെ 26-06-2009-ലെ പതിനഞ്ചാമത് റിപ്പോർട്ട് പ്രകാരം പ്രസ്തുത ഭൂമി വഖഫ് ഭൂമിയാണെന്ന് പരാമർശിച്ചിട്ടുള്ളതും അന്യാധീനപ്പെട്ട വഖഫ് ഭൂമി തിരിച്ചുപിടിക്കുന്നതിനായി വഖഫ് റൂൾ പ്രകാരം നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയുണ്ടായി. തുടർന്ന് വഖഫ് ബോർഡിൽനിന്നും ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ പ്രസ്തുത വിഷയം ബോർഡിന്റെ ജുഡീഷ്യൽ വിഭാഗത്തിന്റെ പരിഗണനയിലാണെന്ന വിവരം വഖഫ് ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. വഖഫ് ബോർഡ് മുമ്പാകെ 9950 എ.ആർ. നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള, ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ 2115/1950 നമ്പർ വഖഫ് ആധാരപ്രകാരം വഖഫിന് അവകാശപ്പെട്ട കുഴുപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന

404.76 ഏക്കറോളം വഖഫ് ഭൂമി അന്യാധീനപ്പെട്ടത് തിരിച്ചുപിടിക്കുന്നതിനായി 2009-ലെ കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചട്ടം 79 പ്രകാരമുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരുന്നതും പ്രസ്തുത വകുപ്പിന്റെ സ്വത്തുക്കൾ അനധികൃത കൈമാറ്റത്തിന് കൈവശം വയ്ക്കുന്നവരിൽനിന്നും നികുതി സ്വീകരിക്കുകയോ കൈവശാവകാശ സർട്ടിഫിക്കറ്റുകൾ നൽകുകയോ പോക്കുവരവ് നടത്തി നൽകുകയോ മറ്റ് നടപടികളോ ചെയ്യരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് ബന്ധപ്പെട്ട തഹസിൽദാർക്കും വില്ലേജ് ആഫീസർമാർക്കും വഖഫ് ബോർഡ് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത വിഷയത്തിൽ വഖഫ് ബോർഡ് ചട്ടം പ്രകാരമുള്ള എൻക്വയറി നടപടികൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് 20-07-2022-ലെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വഖഫ് ഭൂമി സംരക്ഷിക്കേണ്ട കാര്യത്തിൽ യാതൊരു തർക്കവുമില്ലെന്നും എന്നാൽ പ്രസ്തുത ഭൂമി തിരിച്ചുപിടിക്കുന്നതിന് വളരെയധികം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ട സാഹചര്യത്തിൽ നികുതി അടയ്ക്കുന്നത് കേവലമൊരു ഫിസിക്കൽ എക്സർസൈസ് മാത്രമായിരുന്നതിനാലും ടൈറ്റിൽ

അവകാശമായി അതിന് യാതൊരു ബന്ധവുമില്ലാത്തതിനാലും സർക്കാർ നികുതിയിനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വരാതിരിക്കാനുംവേണ്ടി താല്ക്കാലിക കരമടയ്ക്കാൻ അനുവാദം നൽകുകയുണ്ടായി. എന്നാൽ ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്ന നടപടിക്രമങ്ങളുമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എൻക്വയറി നടത്തുകയും ബന്ധപ്പെട്ട കയ്യേറ്റക്കാർക്ക് ഹിയറിംഗിനുള്ള നോട്ടീസ് നൽകുകയും ഹിയറിംഗ് പൂർത്തിയാകുന്നമുറയ്ക്ക് കയ്യേറ്റം പ്രഥമദൃഷ്ട്യാ തെളിയുന്നപക്ഷം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടികൾ പൂർത്തിയാക്കുന്നതുമാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതുവരെ മാത്രമാണ് താൽക്കാലിക നികുതി സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടെ പ്രത്യേക മന്ത്രിതല മോണിറ്ററിംഗ് കമ്മിറ്റിയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിലൊന്നും ഗവൺമെന്റ് വിട്ടുവീഴ്ച ചെയ്യുന്നതല്ല. മുമ്പ് ഫറൂക്ക് കോളേജാണ് ഇത് വില്പന നടത്തിയിട്ടുള്ളത്. പ്രസ്തുത ഭൂമി

തിരിച്ചുപിടിക്കുകതന്നെ ചെയ്യും.